# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ:  dokkd.ksad@kerala.gov.in

ഫോൺ :  0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി. പി.7/828/20

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 04/03/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി. പി.7/828/20 തീയ്യതി: 04/03/2021

## കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 10-07-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം. വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ | 22-07-2020 | 29-07-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-07-2020 | 29-07-2020 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ. ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2. ശ്രീ. കരുണാകരൻ.എം, ഓഡിറ്റ് ഓഫീസർ
3. ശ്രീമതി. ഇന്ദുകല.സി.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീ. ജാസിർ.സി.എം, ഓഡിറ്റർ

5. ശ്രീ. ശ്രീജിത്ത്.കെ.വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വി.കെ.അബ്ദുള്ള | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. മുഹമ്മദ് ഷഫീഖ് | സെക്രട്ടറി | 01-04-2019 | 26-10-2019 |
| ശ്രീ. ഭാസ്കരൻ.എം. (സെക്രട്ടറി ഇൻ ചാർജ്ജ് | സെക്രട്ടറി | 28-10-2019 | 01-12-2019 |
| ശ്രീ. സജീവൻ.ഇ.എ | സെക്രട്ടറി | 02-12-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഭാസ്കരൻ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ.ഷൈന.പി.കെ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. ഫൽഗുണൻ.എൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. അനു.ഒ.ജി | മെഡിക്കൽ ഓഫീസർ(ആയുർവ്വേദ) | 01-04-2019 | 07-08-2019 |
| ഡോ.സാജിത | മെഡിക്കൽ ഓഫീസർ(ആയുർവ്വേദ) | 07-08-2019 | 31-03-2020 |
| ശ്രീ. കൃഷ്ണദാസ് | ഹെഡ് മാസ്റ്റർ | 01-04-2019 | 31-05-2023 |
| ശ്രീമതി.സുഹറ | ഹെഡ് മിസ്ട്രസ് | 01-06-2019 | 31-03-2020 |
| ശ്രീമതി. ഷബാസ് ബീഗം.കെ.കെ | കൃഷി ഓഫീസർ | 01-04-2019 | 18-07-2019 |
| ശ്രീമതി. മാളു.കെ | കൃഷി ഓഫീസർ | 19-07-2019 | 13-11-2019 |
| ശ്രീമതി. രമ്യ രാജൻ ഹരിദാസ് | കൃഷി ഓഫീസർ | 14-11-2019 | 02-12-2019 |
| | | 03-12- | 20-01- |

| | | | |
|---|---|---|---|
| ശ്രീ. സുരേഷ് ബാബു | കൃഷി ഓഫീസർ | 2019 | 2020 |
| ശ്രീമതി. നവീദ.എസ് | കൃഷി ഓഫീസർ | 21-01-2020 | 31-03-2020 |
| ശ്രീ. റഫീഖ്.എൻ.കെ | വി.ഇ.ഒ-വേളം സർക്കിൾ | 01-04-2019 | 31-03-2020 |
| ശ്രീമതി.നിജിന.കെ.പൊന്നപ്പൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 27-07-2019 |
| ശ്രീമതി. നിഷ.ഇ | അസിസ്റ്റന്റ് എഞ്ചിനീയർ | 27-07-2019 | 19-08-2019 |
| ശ്രീമതി. പ്രിയ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 20-08-2019 | 22-02-2020 |
| ശ്രീമതി. അനഘ.ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 11-03-2020 | 31-03-2020 |
| ശ്രീമതി. വിമല.സി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-05-2019 |
| ശ്രീമതി. രമ.എൽ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-06-2019 | 31-03-2020 |
| ശ്രീ. മുഹമ്മദ് നവാസ്.പി | ഡയറി ഫാം ഇൻസ്ട്രക്ടർ/ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 28-06-2019 |
| ശ്രീമതി. സാജിദ.പി | ഡയറി ഫാം ഇൻസ്ട്രക്ടർ/ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 29-06-2019 | 31-03-2020 |
| ഡോ. രമ്യ.പി.എസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 02-05-2019 |
| ഡോ.ഇസ്മായിൽ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 02-05-2019 | 27-05-2019 |
| ഡോ. വിപിൻ.പി.ടി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 27-05-2019 | 25-01-2020 |
| ഡോ. നിതിൻ വൈശാഖ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 25-01-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം - പോരായ്മകൾ പരിഹരിക്കേണ്ടതാണ്.<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-9 |
| 10 | തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുന്നതിലുള്ള അപാകത<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-02-2021)<br>Last Updated By: Vasudevan M (Deputy Director, On 04-03-2021) | 1-9-1 |
| 11 | തൊഴിൽ നികുതി - ധനകാര്യ സ്റ്റന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-02-2021)<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-9-2 |
| 12 | വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-02-2021)<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-9-3 |
| 13 | സ്റ്റാന്റിംഗ് കമ്മിറ്റികൾ/വർക്കിംഗ് ഗ്രൂപ്പുകൾ - മോണിറ്ററിംഗ് ഫലപ്രദമല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-02-2021)<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-9-4 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-10 |
| 15 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-11 |

| | | |
|---|---|---|
| 16 | വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-12 |
| 17 | രശീത് ബുക്ക് ഉപയോഗിക്കുന്നതിലെ അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-13 |
| 18 | തൊഴിൽ നികുതി അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-14 |
| 19 | വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-02-2021)<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-14-1 |
| 20 | അനർഹമായി ഓവർഹെഡ്സ് ചാർജ്ജ് അനുവദിച്ചു.<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-15 |
| 21 | മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു.<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-16 |
| 22 | അധിക വില നൽകി ഭൂമി വാങ്ങി<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-17 |
| 23 | ഫർണ്ണിച്ചർ വാങ്ങിയത് -പ്രൊക്വർമെന്റ് വ്യവസ്ഥകൾ പാലിച്ചില്ല<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-18 |
| 24 | കാർഷിക രംഗത്തെ പദ്ധതികൾ -നിർവ്വഹണ 58% മാത്രം-മറ്റ് അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-19 |
| 25 | ഭിന്നശേഷിക്കാർക്കുള്ള ധനസഹായം-അർഹർക്കെല്ലാം ലഭിക്കുന്നില്ല- അർഹതപ്പെട്ട നിരക്കിൽ ലഭിക്കുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-20 |
| 26 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നു വാങ്ങൽ- രേഖകൾ സൂക്ഷിപ്പിലെ അപാകതയും മരുന്നു ലഭ്യമാവാത്തതും<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-21 |
| 27 | കുടിവെള്ള വിതരണ കരാറുകാരനിൽ നിന്നും ആദായനികുതി ഇനത്തിൽ ഈടാക്കിയ തുക വകുപ്പിൽ അടവാക്കിയില്ല.<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-22 |
| 28 | കമ്പ്യൂട്ടറുകൾക്ക് എ.എം.സി-അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-23 |
| 29 | പഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ മുഴുവൻ ജീവനക്കാരും ഉണ്ടായിരിക്കെ ദിവസസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചു.<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-24 |
| 30 | | 1-25 |

| | | |
|---|---|---|
| | ലാബ് ഉപകരണങ്ങൾ വാങ്ങൽ-മുഴുവൻ ഉപകരണങ്ങൾ ലഭ്യമാവാത്തതും മറ്റ് അപാകതകളും.<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | |
| 31 | പട്ടികജാതിക്കാർക്ക് വീട് വാസയോഗ്യമാക്കൽ-അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-26 |
| 32 | തുക കൈമാറിയ പദ്ധതികൾ- തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച.<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-27 |
| 33 | വേളം ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയം പുസ്തകങ്ങളുടെ സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-28 |
| 34 | യാത്രാ ക്ലെയിം സമർപ്പിക്കാതെ ജീവനക്കാർക്ക് യാത്രാപ്പടി അനുവദിക്കുന്നു<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-29 |
| 35 | ഫസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ അനുവദിച്ച തുക തിരികെ ഈടാക്കിയില്ല<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-30 |
| 36 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- വർക്കിംഗ് ഗ്രൂപ്പ് ചുമതല നിർവ്വഹിച്ചില്ല.<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-31 |
| 37 | അങ്കണവാടി പോഷകാഹാര വിതരണം -മതിയായ തുക വകയിരുത്തുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-32 |
| 38 | മാലിന്യമുക്ത വേളം<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-33 |
| 39 | ലൈഫ് ഭവനപദ്ധതി<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-34 |
| 40 | പാലിയേറ്റീവ് പരിചരണം-മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ അടവാക്കിയ മുഴുവൻ തുകക്കും മരുന്നുകൾ ലഭ്യമായില്ല.<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-35 |
| 41 | മരാമത്ത്-പൊതു അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 1-36 |
| 42 | പൊതു മരാമത്ത് പദ്ധതി നിർവ്വഹണത്തിൽ വീഴ്ചമൂലം ഫണ്ട് നഷ്ടമാകുന്നു.<br>Written By: Gireeshan Parappoyil (Audit Officer (HG))<br>Last Updated By: Vasudevan M (Deputy Director, On 04-03-2021) | 1-37 |
| | **ഭാഗം 2** | |

| | | |
|---|---|---|
| 1 | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: Sreeja Thekkan (Asst. Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 2-1 |
| **ഭാഗം 3** | | |
| 1 | അധിക വില നൽകി ഭൂമി വാങ്ങി<br>Written By: Sreeja Thekkan (Asst. Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 3-1 |
| 2 | ഫർണ്ണിച്ചർ വാങ്ങിയത് -പ്രൊക്വർമെന്റ് വ്യവസ്ഥകൾ പാലിച്ചില്ല<br>Written By: Sreeja Thekkan (Asst. Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sreeja Thekkan (Asst. Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sreeja Thekkan (Asst. Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sreeja Thekkan (Asst. Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sreeja Thekkan (Asst. Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sreeja Thekkan (Asst. Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sreeja Thekkan (Asst. Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sreeja Thekkan (Asst. Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sreeja Thekkan (Asst. Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sreeja Thekkan (Asst. Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sreeja Thekkan (Asst. Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sreeja Thekkan (Asst. Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 03-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഓഡിറ്റ് സാക്ഷ്യപത്രം | |

<u>ഭാഗം -1</u>

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

25.02.2019 തീയതിയിലെ നം-1(1)/2018-19 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 23.03.2020 തീയതിയിലെ 1(1) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 15.06.2020 | | |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 19303593 |
| വരവ് | 89406232 |
| ആകെ | 108709825 |
| ചെലവ് | 91869175 |
| നീക്കിയിരിപ്പ് | 16840650 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 10794599 | 1074599 | 1074599 | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 2125544 | 2125544 | 2125544 | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 9272062 | 9272062 | 9272062 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 724286 | 724286 | 724286 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5292699 | 5292699 | 5292699 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 44790169 | 44790169 | 44790169 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 150575 | 3179116 | 3329691 | 2214389 | 1115302 |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| എെ.സി.ഡി.എസ് | | 329197 | 777326 | 1106523 | 696295 | 410228 |
| ടോട്ടൽ സാനിറ്റേഷൻ ക്യാംമ്പയിൻ | | 434412 | 11885894 | 12320306 | 12228894 | 91412 |
| തനത് ഫണ്ട് | കേരള ഗ്രാമീണ് ബാങ്ക് തനത് ഫണ്ട്-അക്കൗണ്ട്-9718 | 3271263 | 8972242 | 12243505 | 11166900 | 1076605 |
| | എസ്.ബി.ടി ഇ-പേയ്മെന്റ് -241 | 28092 | 114472 | 142564 | 1904 | 140660 |
| | കനറ ബാങ്ക് മണൽ | 2563632 | 91385 | 2655017 | 11000 | 2644017 |
| | ട്രഷറി അക്കൗണ്ട് | 10926848 | 16373347 | 27300195 | 17777741 | 9522454 |
| | ട്രഷറി സ്പെഷ്യൽ ടി.എസ്.ബി ജോയിന്റ് വെഞ്ച്വർ | 356267 | 1726456 | 2082723 | 1845516 | 237207 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 194 | 123087379 | 104 | 75604674 | 42 | 48 | 53 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 150575 | 3179116 | 3329691 | 2214389 | 111302 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 44790169 | 44790169 | 44790169 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 111000 | 63 |
| കർഷകതൊഴിലാളി പെൻഷൻ | 4048200 | 1411 |
| വിധവാപെൻഷൻ | 6032400 | 2049 |
| വാർദ്ധക്യകാലപെൻഷൻ | 7791000 | 2622 |
| വികലാംഗപെൻഷൻ | 1839600 | 622 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 96000 | 35 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

15.07.2020ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 59190/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം - പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

### 1-9-1 തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുന്നതിലുള്ള അപാകത

സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ടെയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നു.

### 1-9-2 തൊഴിൽ നികുതി - ധനകാര്യ സ്റ്റന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമല്ല

ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്.2018-19 സാമ്പത്തിക വർഷത്തിൽ സംരംഭക ലൈസൻസ് 222 എണ്ണം അനുവദിച്ചതുമായി താരതമ്യം 375 എണ്ണമായി 2019-20 വർഷത്തിൽ വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട് എന്നത് ശ്ലാഘനീയമാണ്. എന്നാൽ തൊഴിൽ നികുതിയുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകളോ ഇടപെടലുകളോ കമ്മിറ്റി നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

### 1-9-3 വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. എന്നാൽ വാങ്ങലുകൾ നടത്തുന്നതിനായി കമ്മററി നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

### 1-9-4 സ്റ്റാന്റിംഗ് കമ്മിറ്റികൾ/വർക്കിംഗ് ഗ്രൂപ്പുകൾ - മോണിറ്ററിംഗ് ഫലപ്രദമല്ല

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.

മേൽ അപാകതകൾ പരഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏല്പിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഇ) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച റിപ്പോർട്ടും, അതുമൂലം അതാതു മേഖലകളിലുണ്ടായ മാറ്റങ്ങളുടെ വിവരവും ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26/12/2018 | നവംബർ 2018 | എ.കെ.എൽ.എം 6/2018-19 തി.26.12.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.09.2007 | 1997-98 മുതൽ 2006-07 വരെ | എൽ.ബി.എ(എച്ച്.ക്യൂ)111A/-12103/276 തി.16.11.2007 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

വേളം ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. പോസ്റ്റ് ഓഫീസ് അക്കൗണ്ടിൽ 6,46,412/- രൂപ മുന്നിരിപ്പും, നീക്കിയിരിപ്പും ഉള്ളതായി വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് പരിശോധിക്കുന്നതിനാവശ്യമായ പാസ്സ് ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ്, ബാങ്ക് ബുക്ക്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല.
2. SMGB Own Fund പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 11,54,311. ബാങ്ക് ബുക്ക് നീക്കിയിരിപ്പ് 10,76,605/-. ബാങ്ക് ബുക്ക് നീക്കിയിരിപ്പായി റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്നത് 10,71,249/-രൂപ.
3. വാർഷിക കണക്ക് ഷെഡ്യൂൾ RP-40(A), RP-40(B), B-17 എന്നിവ പ്രകാരം, കെ.ഡി.സി EMS 5330 അക്കൗണ്ടിൽ 2510/- രൂപ മുന്നിരിപ്പും, നീക്കിയിരിപ്പുമുണ്ട്. ഈ അക്കൗണ്ടിന്റെ ബാങ്ക് ബുക്ക്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല.
4. റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. കൂടാതെ, വിവിധ അക്കൗണ്ടുകളുടെ വർഷാവസാന നീക്കിയിരിപ്പിന്റെ റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയ Cheques Issued But Not Presented Into Bank, Directly Credited Into Bank, Directly Debited By Bank എന്നീ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
5. തൻവർഷം ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ ലഭ്യമായത് 1,17,14,661/- രൂപയാണ്. എന്നാൽ വാർഷികകണക്കിൽ (RP-7) ഇത് 1,18,85,894/- രൂപ. വ്യത്യാസം 1,71,233/- രൂപ (കൂടുതൽ). എ.സി.ആർ. ഹാജരാക്കിയിട്ടില്ല.
6. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം തൻവർഷം റീഫണ്ട് ചെയ്തത് 1,53,438/- രൂപയാണ്. വാർഷിക കണക്ക് ഷെഡ്യൂൾ RP-34 പ്രകാരം ഇത് 1,38,383/- രൂപ. വ്യത്യാസം 15,055/- രൂപ.

7. അഡ്വാൻസ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. ആയതിനാൽ തൻവർഷം അഡ്വാൻസ് നൽകിയതിന്റെയും അഡ്ജസ്റ്റ് ചെയ്തതിന്റെയും വിവരം പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

8. ലോൺ രജിസ്റ്റർ, പ്രത്യേക ഉദ്ദേശ്യ പരിപാടികൾക്ക് ലഭ്യമാകുന്ന ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കി ബാക്കി എന്നിവ കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, പലവക ഡിമാൻഡ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

9. ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം 31,66,726/-രൂപ ആകെ നീക്കിയിരിപ്പുണ്ട്. പ്രത്യേക ഉദ്ദേശ്യ പരിപാടികൾക്ക് ലഭ്യമാകുന്ന ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കിബാക്കി എന്നിവ കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തനത് ഫണ്ടിൽ നിക്ഷേപിച്ച മേൽ തുകകൾ ഏതൊക്കെ ഇനത്തിലുള്ളവയാണെന്ന് വ്യക്തമല്ല.

10. ആസ്തി രജിസ്റ്റർ കാലികമാക്കി ഹാജരാക്കിയിട്ടില്ല. ആകയാൽ ആസ്തികളുടെ മൂല്യം, നിർമ്മിക്കപ്പെട്ടവ ആസ്തിയായി വരവ് വെച്ചോ എന്നീ കാര്യങ്ങളിൽ വ്യക്തതയില്ല.

11. വാർഷികകണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms, Sale Of Scrap എന്നീ ഇനങ്ങളിൽ യഥാക്രമം 79,645/- രൂപ, 8,400/-രൂപ എന്നിങ്ങനെ വരവുണ്ട്. ഇവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

12. തൻവർഷത്തെ ഇ – ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫോമുകളുടെ വില സംബന്ധിച്ചും ആയത് പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചത് സംബന്ധിച്ചുമുള്ള വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

13. ലൈബ്രറി സെസ്സിനത്തിൽ 2018-19 രണ്ടാം അർദ്ധ വർഷത്തിൽ പിരിച്ചെടുത്ത 1,33,308/- രൂപയും 2019-20 ൽ രണ്ട് അർദ്ധവർഷങ്ങളിലും പിരിച്ചെടുത്ത 1,37,825/- രൂപയും ചേർത്ത് 2,71,133/- രൂപ സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല.

14. തനത്ഫണ്ടിന്റെ ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ നിന്നും നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ 56,978/-രൂപയുടെ ചുവടെ ചേർക്കുന്ന ചെക്കുകൾ 'Liability In Respect Of Stale Cheque' എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. B-9 ഷെഡ്യൂൾ പ്രകാരം 2844/- രൂപ മാത്രമേ ഈ ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ.

| ക്രമ നം | വൗച്ചർ നം, തീയതി | ഇൻസ്ട്രുമെന്റ് നം, തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 21900825/ 10.12.2019 | 014044/ 09.12.2019 | 5,510 | SMGB OWN FUND 9718<br>Total : 21,341 |
| 2 | 21900825/10.12.2019 | 014044/09.12.2019 | 2,180 | |
| 3 | 21900686/ 12.11.2019 | 014470/12.11.2019 | 562 | |
| 4 | 21800461/19.09.2018 | 13039/19.09.2018 | 2,143 | |
| 5 | 21800781/10.01.2019 | 013395/10.01.2019 | 1,746 | |
| 6 | 2180655/26.11.2018 | 013332/24.11.2018 | 2,300 | |
| 7 | 21800656/26.11.2018 | 013332/24.11.2018 | 2,300 | |
| 8 | 21800697/06.12.2018 | 013343/06.12.2018 | 2,300 | |
| 9 | 21800698/06.12.2018 | 013343/06.12.2018 | 2,300 | |
| 10 | 21801117/25.03.2019 | 1731903/23.03.2019 | 34,350 | Treasury Special TSB- Joint Venture |
| 11 | 31800333/05.03.2019 | 012972 | 1,287 | SMGB NREGS |
| ആകെ | | | 56,978 | |

14. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

15. സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തുനികുതിയിനത്തിലെ തൻവർഷ ഡിമാൻഡ് 2800649/- രൂപയാണ്. വാർഷികകണക്ക് പ്രകാരം ഇത് 27,95,147/- രൂപ. വ്യത്യാസം 5502/- രൂപ. വസ്തുനികുതിയിനത്തിലെ

തൻവർഷ/കുടിശ്ശിക വരവുകൾ/കുടിശ്ശിക തുകകൾ എന്നിവ സഞ്ചയ പത്രിക പ്രകാരവും വാർഷികകണക്ക് പ്രകാരവും ചുവടെ ചേർക്കും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം. | വരവിനം | സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം | വാർഷികകണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | വസ്തുനികുതി തൻവർഷ വരവ് | 2648496/- | 2649123/- (RP-43) | 627/- |
| 2 | വസ്തുനികുതി(Current) ബാലൻസ് | 122189/- | 122451/- (B-15) | 262/- |
| 3 | വസ്തുനികുതി(Arrear) Balance | 17721/- | 13271/- (B-15) | 4450/- |
| 4 | Advance Collection Current | 46221/- | 9001/- (RP-43) | 37220/- |

16. 2018-19 വർഷത്തെ വാർഷിക കണക്ക് B-15പ്രകാരം 17378/- രൂപയാണ് വസ്തുനികുതി കുടിശ്ശികയുള്ളത്. എന്നാൽ 2019-20ൽ 58346/- രൂപ ഈ ഇനത്തിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്.
17. I-18 ഷെഡ്യൂൾ പ്രകാരം Prior Period Income Property Tax On Residential Building എന്ന ഹെഡ്ഡിൽ (138470/-) രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
18. കമ്മ്യൂണിറ്റി ഹാൾ വാടക രജിസ്റ്റർ പ്രകാരം തൻവർഷ വാടക ഡിമാൻഡ്, 9000/- രൂപ, കളക്ഷൻ 8000/- രൂപ. വാർഷികകണക്കിൽ കുടിശ്ശികയുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.
19. വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം ഹാജരാക്കിയ പത്രിക പ്രകാരം ഡിപ്പോസിററ് പ്രവൃത്തികൾക്കായി തൻവർഷം കെ.എസ്.ഇ.ബിയ്ക്ക് 5,77,642/- രൂപയും വാട്ടർ അതോറിറ്റിയ്ക്ക് 1,50,000/- രൂപയും അനുവദിച്ചിട്ടുണ്ട്. ആകെ 7,27,642/- രൂപ. എന്നാൽ വാർഷിക കണക്കിൽ 'Advance To Implementing Agencies' എന്ന ശീർഷകത്തിൽ(RP-47) 1,51,263/-രൂപയേ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളൂ.
20. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും സംയുക്ത പ്രോജക്ടുകൾക്കായി മുൻ വർഷങ്ങളിൽ ലഭിച്ച തുകയിൽ നീക്കിയിരിപ്പായിട്ടുള്ള 690205/- രൂപ(B4 ഷെഡ്യൂൾ) നാളിതുവരെ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല.
21. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് സംയുക്ത പദ്ധതിയ്ക്കായി തൻവർഷം ലഭ്യമായ തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
22. സ്റ്റോക്കിന്റെ മൂല്യം നിർണ്ണയിച്ച് നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.(B-14 ഷെഡ്യൂൾ).
23. തൻവർഷം ക്യൂ ബിൽ ആയ തുക വാർഷികകണക്കിൽ ലയബിലിറ്റി ആയി ഉൾപ്പെടുത്തിയിട്ടില്ല.
24. ഇൻകം ആന്റ് എക്സ്പൻഡിച്ചർ അക്കൗണ്ടിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.
25. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-12 വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് അപാകതകൾ

1)ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് ( വ്യവാസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ്) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും

അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2019-20 വർഷത്തിൽ വേളം ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 376 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2019 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 115 സ്ഥാപനങ്ങളാണ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്.

<u>2)ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സാധ്യത നിലനില്ക്കുന്നു</u>

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2019 ന് വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1695 (1 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 376പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്(448 കെട്ടിടങ്ങളിൽ). നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്.ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം-3/18-19തിയ്യതി-27.07.2020) മറുപടി നൽകിയിട്ടില്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, 1996 ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതാണ്.ഇക്കാര്യങ്ങൾ സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതാണ്.

## <u>1-13 രശീത് ബുക്ക് ഉപയോഗിക്കുന്നതിലെ അപാകതകൾ</u>

വേളം ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ 2019-20 വർഷത്തിൽ ഗുണഭോക്തൃവിഹിതം ഈടാക്കിയ റസീറ്റ് ബുക്കുകൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.ഗുണഭോക്തൃ വിഹിതം ഈടാക്കുമ്പോൾ ഒറിജിനൽ റസീറ്റ് കക്ഷികൾക്ക് നൽകുകയും ഡ്യൂപ്ലിക്കേറ്റ് റസീറ്റ് സൂക്ഷിക്കുകയും ചെയ്യുന്നതായി കാണുന്നു.

ഉദാ-49407/29 തിയ്യതി-7.08.2019,49407/30 തിയ്യതി-7.08.2019

2.ക്യാൻസൽ ചെയ്ത റസീറ്റുകൾ തിയ്യതി സഹിതം സാക്ഷ്യപ്പെടുത്തുന്നില്ല.

49407/72 തിയ്യതി-രേഖപ്പെടുത്തിയിട്ടില്ല.

3.ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച റസീറ്റ് ബുക്കുകൾ പൂർണ്ണമായും ഉപയോഗിച്ച് തീർക്കാതെ അടുത്ത റസീറ്റ് ബുക്ക് ഉപയോഗിക്കുന്നതായി കാണുന്നു.ഒരേ സമയത്ത് ഒന്നിലധികം റസീറ്റുകൾ ഉപയോഗിക്കുന്നതായി ഇതിൽ നിന്നും വ്യക്തമാവുന്നു.

ഉദാ-49407/1-47 ,49408/1-69 എന്നിവ ഒരേ സമയത്ത് ഉപയോഗിച്ചത് കളക്ഷൻ രജിസ്റ്ററിൽ നിന്നും വ്യക്തമാവുന്നു.

4.ഉപയോഗിക്കുന്ന റസീറ്റ് ബുക്കുകളിൽ ചിലത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

ഉദാ-49413 അനുവദിച്ച തിയ്യതി-8/8/2019

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം-20/18-19) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 തൊഴിൽ നികുതി അപാകതകൾ

I) രജിസ്റ്ററുകള് തയ്യാറാക്കുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ നിന്നും വിവരങ്ങൾ ചേർത്താണ് ഇപ്രകാരം ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടത് .ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ലാത്തതിനാൽ 2019-20 സാമ്പത്തിക വർഷത്തെ കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്,കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

2)അർദ്ധവാർഷിക വരുമാന പത്രികകളിൽ മുഴുവൻ ജീവനക്കാരുടെയും വിവരങ്ങൾ ചേർക്കാതെ സ്ഥാപനമേധാവികൾ തൊഴിൽ നികുതി റിട്ടേൺ ഗ്രാമപഞ്ചായത്തിൽ ഫയൽ ചെയ്യുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചതു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത, സ്പെഷ്യൽ പേ, അവധി വേതനം, ഉത്സവ ബത്ത, മറ്റു അലവൻസ് എന്നിവയുടെ ആറ് മാസത്തെ ആകെ തുക അർദ്ധവാർഷിക വരുമാന കോളത്തിൽ രേഖപ്പെടുത്തിയ ശേഷമാണ് തൊഴിൽ നികുതി സ്ലാബ് നിർണ്ണയിക്കേണ്ടത്. വേളം ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1) കേരള ഗ്രാമീൺ ബാങ്ക് വേളം ശാഖ ,പൂളക്കൂൽ(ഫീൽഡ് കളക്ഷൻ എക്സിക്യൂട്ടീവുമാരിൽ നിന്നും തൊഴിൽ നികുതി അടവാക്കിയിട്ടില്ല)

2)അക്ഷയ് ഇൻഡേൻ ഗ്യാസ് ഏജൻസി,പള്ളിയത്ത്(മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല)

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ എല്ലാ വിവരങ്ങളുമടങ്ങിയ റിട്ടേണുകൾ വാങ്ങി, ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് അതു പരിഹരിക്കാൻ നടപടിയെടുക്കേണ്ടതാണ്.

## 1-14-1 വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

(I)വിവിധ ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2019-20 വർഷത്തിൽ വേളം ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പ്ലാനുകളിൽ സൂപ്പർവിഷൻ നടത്തിയ ചേർക്കുന്ന ചുവടെ ചേർത്തിട്ടുള്ള വിവിധ എൽ.ബി.എസ് മാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ശ്രീ.ഹാരിസ് ചാലിൽ

വേളം,പെരുവയൽ പി.ഒ കുറ്റ്യാടി വഴി

പയിങ്കീന്റവിട

രജി നം-ഇ- 2050/2008/15582/കെ.കെ.ഡി/556/2019/എസ്.ബി

2.ശ്രീ.വികേഷ് പി.പി പുത്തൻപുരയിൽ

കുറിച്ചകം പി.ഒ കുറ്റ്യാടി വഴി

രജി നം-ഇ-2050/08/6472/കെകെഡി/485/2014/എസ്.ബി

3.ശ്രീമതി മേഘ പി

പുതിയേടത്ത് കുറിച്ചകം പി.ഒ

രജി നം-ഇ/2050/08/17012/കെകെഡി/15/2020/ഇ.എ

4.ശ്രീ.രവീന്ദ്രനാഥ് പി

പുത്തൂരം(വീട്)

മേമുണ്ട പി.ഒ

രജി നം-ഇ/2050/08/11008/കെകെഡി/74/2017/എസ്.ബി

5.ശ്രീ. അനൂപ് രാജൻ വി

വടേക്കര(വീട്)

തണ്ടോറപ്പാറ പി.ഒ

രജി നം-ഇ/2050/08/9935/കെകെഡി/136/2017/എസ്.ബി

6.ശ്രീ.മുനീർ ടി.പി

തിരുവള്ളൂർ പി.ഒ

രജി നം-ഇ/2050/08/7298/കെകെഡി/197/2015/എസ്.ബി

7.ശ്രീ.ജംഷാദ് പി

കൈസ് (വീട്)

പുളൂർ പി.ഒ

രജി നം-ഇ/2050/08/6955/കെകെഡി/47/2015/എസ്.ബി

8.ശ്രീ.സത്യപാലൻ പി.ടി

വെങ്കല്ലുള്ള തറമ്മൽ(വീട്)

മൊകേരി പി.ഒ

രജി നം-ഇ/2050/08/10993/കെകെഡി/54/2017/എസ്.എസ്

9.ശ്രീ.സുജിത്ത് തയ്യിൽ (വീട്)

ചേരാപുരം പി.ഒ

രജി നം-ഇ/2050/08/2664/കെകെഡി/51/2011/എസ്.എസ്

10.ശ്രീ സിറാജുദ്ദീൻ എം

മാണിക്കോത്ത് (വീട്)

തിരുവള്ളൂർ (പി.ഒ)

രജി നം-ഇ/2050/08/16512/കെകെഡി/272/2019/എസ്.എ

മേൽ സൂചിപ്പിച്ചിരിക്കുന്ന മുഴുവൻ എൽ.ബി.എസ് മാരിൽ നിന്നും നോട്ടീസ് നൽകി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ii)മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം വേളം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ശ്രീ. കരീം മാങ്ങോട്ട്

2.ശ്രീ.ഇബ്രാഹിം കെ.പി

3.എം.എൽ.സി.സി.എസ് പേരാമ്പ്ര

4.ശ്രീ.ദിനേശൻ എൻ.കെ

5.ശ്രീ .ശ്രീധരൻ

6.ശ്രീ.ശ്വേതിൻ അശോക്

7.ശ്രീ.സി.കെ മുഹമ്മദ്

8.ശ്രീ.റോയ് തോമസ്

9.ശ്രീ.ഷാജു സി.എം

10.ശ്രീ ഷാജി കെ

11.ശ്രീ. നാരായണൻ കെ

(iii)മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 1695 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2019-20 വർഷത്തിൽ വേളം ഗ്രാമപഞ്ചായത്തിൽ ഒരു വാണിജ്യ കെട്ടിടത്തിന് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 1694 കെട്ടിടങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഓഡിറ്റ് വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 376 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 448 ആണ്. അവശേഷിക്കുന്ന 1246 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനില്ക്കുന്നു. ഇത്തരം കെട്ടിടങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി അവയിൽ നിന്നും ജീവനക്കാരുടെ റിട്ടേൺ വാങ്ങി വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

(iv)എം.ജി.എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ സപ്ലയേർസ്/കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തിൽ മെറ്റീരിയൽസ് സപ്ലൈ ചെയ്തു ചുവടെ ചേർത്തിട്ടുള്ള വിവിധ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.കരീം മാങ്ങോട്ട്
കുറിച്ചകം പി.ഒ
കുറ്റ്യാടി
2.ഇബ്രാഹിം കിഴക്കെപറമ്പിൽ
ചേരാപുരം പി.ഒ
3.ദിനേശ് എൻ.കെ
നടുക്കണ്ടിയിൽ
കുറിച്ചകം .കുറ്റ്യാടി
4.സിബീഷ് കെകെ
കണ്ടോത്ത് കുഴിയിൽ
കുറിച്ചകം പി.ഒ
കുറ്റ്യാടി വഴി
5.ശ്രീ. ശ്വേതിൻ ജെ അശോക്
ആതിര
ചേരാപുരം
6.ശ്രീ ഷാജു സി.എം
ശാന്തി ആവള
7.ശ്രീ. ഷാജി
കൊമ്മിണിയോട്ട്കുട്ടോത്ത്
8.ശ്രീ.അശ്വിൻ ജെ അശോക്
ആതിര
ചേരാപുരം
9.മലനാട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 അനർഹമായി ഓവർഹെഡ്സ് ചാർജ്ജ് അനുവദിച്ചു.

സ്ഥാപനത്തിൽ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് മോർഡ് സ്പെസിഫിക്കേഷനിലാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ്‌വെയർ മുഖേനയാണ്. മോർഡ് സ്പെസിഫിക്കേഷൻ

പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയത് 10% ഓവർഹെഡ്സ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും ഉൾപ്പെടുത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD യിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയത്. മോർഡ് പ്രകാരമുള്ള സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആദ്യ ഭാഗത്ത് തന്നെ വ്യക്തമാക്കുന്നുണ്ട്. സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയ അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക്) ആമുഖത്തിൽ ഖണ്ഡിക 4 ലാണ് ഇക്കാര്യം വ്യക്തമാക്കുന്നത്. റോഡ് പ്രവൃത്തികൾക്ക് 10% ഓവർഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച് കൊണ്ടാണെന്ന് ഖണ്ഡിക 4 ൽ പരാമർശിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടതും സ്ഥാപനത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തവുമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്
2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്
3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്
4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്
5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്
6. നിർമ്മാണ സമയത്തെ ഗതാഗത നിയന്ത്രണ സംവിധാനങ്ങളേർപ്പെടുത്തുന്നതിനുള്ള ചെലവ്.
7. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്
8. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്

ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത.എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD എന്ന സോഫ്റ്റ്വെയർ മുഖേനതന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 7.5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ഇവിടെ ശ്രദ്ധേയമാണ്. ഓഡിറ്റ് വർഷം മരാമത്ത് മേഖലയിൽ 9442336 രൂപ വിനിയോഗിച്ച സ്ഥാപനത്തിൽ ഭൂരിഭാഗം തുകയും വിനിയോഗിച്ചിരിക്കുന്നത് റോഡ് പ്രവൃത്തികൾക്കാണെന്നതും ഇവയെല്ലാം മോർഡ് സ്പെസിഫിക്കേഷനിലാണെന്നതും പരിഗണിക്കുമ്പോൾ ഓവർ ഹെഡ്സ് ചാർജ്ജിനത്തിൽ സ്ഥാപനത്തിനുണ്ടായിട്ടുള്ള അധിക ചെലവിന്റെ വ്യാപ്തി വ്യക്തമാകുന്നതാണ്. മേൽ സാഹചര്യത്തിൽ വസ്തുതകൾ പരിശോധിക്കാതെ കരാറുകാർക്ക് അധിക തുക നല്കുന്നത് പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗമാണ്.ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-10/2019-20, തീ.27/7/2020 ) നിർവ്വഹണ ഉദ്യോഗസ്ഥർ മറുപടി ലഭ്യമാക്കിയിട്ടില്ല .

പ്രവൃത്തിയുടെ മേൽനോട്ട ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ ഫൈനൽ ബിൽ അനുവദിക്കുന്നതിന് മുൻപായി മേൽ സൗകര്യങ്ങൾ സൈറ്റിൽ ഒരുക്കിയിട്ടുണ്ടോ എന്നത് പരിശോധിക്കേണ്ടതായിരുന്നു. എന്നാൽ അത്തരത്തിലുള്ള പരിശോധന നടത്തി അനർഹമായി കരാറുകാർക്ക് അനുവദിച്ച തുക കുറവ് ചെയ്യാതെയാണ് തുക അനുവദിക്കപ്പെട്ടിട്ടുള്ളത്. കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിൽ ഇത്തരത്തിൽ അനർഹമായി ഓവർഹെഡ് ചാർജ്ജ് അനുവദിച്ചത് സംബന്ധിച്ച് 2018-19 വർഷത്തിൽ ഓഡിറ്റ് പരാമർശമുണ്ടായിട്ടുള്ളതാണ്. മേൽ അപാകത മറ്റ് പഞ്ചായത്തുകളിൽ സംഭവിക്കാതിരിക്കാനോ, ആവർത്തിക്കാതിരിക്കാനോ ഉള്ള നടപടികൾ ഉണ്ടായതായി കാണുന്നില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിൽ

വിഷയ വിദഗ്ധനെ ഉൾപ്പെടുത്താത്തതിനാൽ എസ്റ്റിമേറ്റിലെ സാങ്കേതിക തകരാറുകൾ പരിശോധിച്ച് തിരുത്തപ്പെടുന്നതിനുള്ള സാഹചര്യം ഇല്ലാതായി.

കരാറുകാർക്ക് അനർഹമായി ഓവർഹെഡ് ചാർജ്ജ് അനുവദിച്ചതിലൂടെ 2019-20 വർഷത്തിൽ ഏകദേശം അഞ്ച് ലക്ഷത്തോളം രൂപയാണ് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥൻ, പദ്ധതി സൂക്ഷ്മപരിശോധന നടത്തി അംഗീകാരം നൽകിയ ഉദ്യോഗസ്ഥൻ, വർക്കിംഗ് ഗ്രൂപ്പ് എന്നിവർ മേൽ നഷ്ടത്തിന് കാരണക്കാരാണ്. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു.

2019-20 വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം പുതിയ റോഡുകളുടെ നിർമ്മിതിക്കായി വിനിയോഗിച്ചിട്ടുണ്ട്. പൊതു ആവശ്യ ഗ്രാന്റിന്റേയും മെയിന്റനൻസ് ഗ്രാന്റിന്റേയും വിനിയോഗം സംബന്ധിച്ച 9.12.2004 ലെ ജി.ഒ(എം.എസ്) 330/2004/LSGD നമ്പർ പ്രകാരമുള്ള മാർഗ്ഗരേഖയിലും, ഇതിനെ തുടർന്ന് പുറപ്പെടുവിച്ച നിരവധി ഉത്തരവുകളിലും സർക്കുലറുകളിലും മേൽ ഫണ്ടുകൾ എപ്രകാരം വിനിയോഗിക്കണമെന്ന് വിശദമാക്കിയിട്ടുണ്ട്. റോഡുകളുടെ അറ്റകുറ്റപ്പണിക്ക് മാത്രമാണ് മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം ഉപയോഗിക്കാവൂയെന്ന് മാർഗ്ഗരേഖ വ്യക്തമാക്കുന്നു. റോഡുകളുടെ അറ്റകുറ്റപ്പണിക്ക് മാത്രമാണ് വിഹിതം വിനിയോഗിക്കേണ്ടതെങ്കിലും സോളിംഗ് വരെ നടത്തിയ റോഡുകൾക്കും തുക വിനിയോഗിക്കാമെന്ന് സർക്കാർ പിന്നീട് നിബന്ധനയിൽ ഇളവുവരുത്തി. എന്നാൽ ഒരുകാരണവശാലും ഇത് പുതിയ റോഡുകളുടെ നിർമ്മിതിക്ക് വിനിയോഗിക്കാൻ പാടില്ലാത്തതാണ്. എന്നാൽ താഴെ പറയുന്ന റോഡ് നിർമ്മാണത്തിനായി സബ് ഗ്രേഡ് മുതൽ സർഫേസ് കോൺക്രീറ്റ് വരെയുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരിച്ച പ്രവൃത്തിക്ക് മെയിന്റനൻസ് ഫണ്ട് (റോഡ് ) ആണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്.

| | |
|---|---|
| പ്രവൃത്തിയുടെ പേര്,നം | 103/20, കണക്കഞ്ചേരി മുക്ക് തേക്കുള്ളതിൽ റോഡ് കോൺക്രീറ്റ് |
| അടങ്കൽ/ഫണ്ട് | 400000,മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| ചെലവ് | 399192 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | കെ.നാരായണൻ |
| ബിൽ നം | 33/2019-20, തീ.25.02.20 |

മെയിന്റനൻസ് ഗ്രാന്റ് ഉപയോഗപ്പെടുത്തി പുതിയ റോഡ് നിർമ്മിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. (നം.11/2019-20, തീ.27.07.2020) മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചത് ഫണ്ട് വകമാറ്റി ചെലവഴിച്ചതിന് തുല്യമാണ്. മേൽ സാഹചര്യത്തിൽ 399192 രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. പദ്ധതി ആസൂത്രണം ചെയ്ത വർക്കിംഗ് ഗ്രൂപ്പ് , ഭരണ/ധന അനുമതി നൽകിയ ഭരണ സമിതി, പദ്ധതി സൂക്ഷ്മപരിശോധന നടത്തിയ ഉദ്യോഗസ്ഥൻ, വർക്കിംഗ് ഗ്രൂപ്പ് കൺവീനറായ നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവർ മേൽ വീഴ്ചക്ക് കാരണക്കാരാണ്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 അധിക വില നൽകി ഭൂമി വാങ്ങി

2019-20 വർഷത്തിൽ വലകെട്ട് അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആവശ്യാർത്ഥം 3 സെന്റ് ഭൂമി സുബൈർ കിണറുള്ളതിൽ എന്നവരിൽ നിന്നും പഞ്ചായത്ത് വിലക്ക് വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ നം/പേര് | 173/20, അംഗൻവാടി സ്ഥലം വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ/ഫണ്ട് | 90000, തനത് ഫണ്ട് |
| ചെലവ് | 25000 |
| വൗച്ചർ നം | 21900946, തീ.29.01.20 |

വേളം വില്ലേജ് ഓഫീസറുടെ 1031/18 നമ്പർ, തീ.29.12.2018 സാക്ഷ്യപത്ര പ്രകാരം ഭൂമിയുടെ ന്യായവില ആറിന് 12500 രൂപയാണെന്ന് പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം 3 സെന്റ് (1.21 ആർ) ഭൂമിയുടെ വില 15125 രൂപയാണ്. 22.01.1999 ലെ സ.ഉ.(പി).18/98/എൽ.എ.ഡി നമ്പറായി പുറപ്പെടുവിച്ച വസ്തു ആർജ്ജിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 4(V) പ്രകാരം ന്യായവിലയുടെ 30 ശതമാനം നഷ്ടപരിഹാരമായി അധികം നൽകാവുന്നതാണ്. ആയത് പരിഗണിച്ചാൽ പോലും അനുവദിക്കാവുന്ന പരമാവധി തുക 19663 രൂപയാണ്. എന്നാൽ ഉടമയായ സുബൈറിന് 25000 രൂപ അനുവദിച്ചിട്ടുണ്ട്. 5337 രൂപ അധികം അനുവദിച്ചതിന് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (അന്വേഷണ കുറിപ്പ് നം- 12/19-20. തിയ്യതി.27.07.2020) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

നിലവിലെ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക തുക ചെലവഴിച്ച് ഭൂമി വാങ്ങിയ നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികമായി ചെലവഴിച്ച 5337 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-18 ഫർണ്ണിച്ചർ വാങ്ങിയത് -പ്രൊക്യൂർമെന്റ് വ്യവസ്ഥകൾ പാലിച്ചില്ല

ഓഡിറ്റ് വർഷത്തിൽ വയോജനങ്ങൾക്ക് കട്ടിൽ എന്ന പേരിൽ രണ്ട് പ്രൊജക്ടുകൾ സെക്രട്ടറി ,അസി.സെക്രട്ടറി എന്നിവർ നിർവ്വഹിച്ചിട്ടുണ്ട്. ഒരേ പേരിലാണെങ്കിലും ആദ്യത്തെ പ്രൊജക്ട് ജനറൽ വിഭാഗത്തിലുള്ളവർക്കും രണ്ടാമത്തേത് പട്ടികജാതി വിഭാഗത്തിലുള്ളവർക്കുള്ള പദ്ധതി സ്പിൽ ഓവറായി വന്നതുമായിരുന്നു. രണ്ട് പ്രൊജക്ട് പ്രകാരമുള്ളതും ഒരേ ഇനമായിരുന്നതിനാൽ പ്രൊക്യൂർമെന്റ് മാന്വൽ വ്യവസ്ഥകളനുസരിച്ച് ഇവ ഒരുമിച്ച് വാങ്ങേണ്ടതായിരുന്നു. എന്നാൽ രണ്ട് ടെണ്ടർ നടപടികളിലൂടെ രണ്ട് വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും രണ്ട് നിരക്കിലാണ് കട്ടിൽ വാങ്ങിയിരിക്കുന്നത്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | വാങ്ങിയ സ്ഥാപനം | വാങ്ങിയ നിരക്ക് | വാങ്ങിയ എണ്ണം | ആകെ തുക | ബിൽ നം |
|---|---|---|---|---|---|---|---|
| 1 | 140/20 വയോജനങ്ങൾക്ക് കട്ടിൽ | സെക്രട്ടറി | സിഡ്കോ | 4020/- ആഞ്ഞിലി മരം | 82 | 328600/- | 3/10.5.19 |
| 2 | 133/20 വയോജനങ്ങൾക്ക് കട്ടിൽ(സ്പിൽ ഓവർ) | അസി.സെക്രട്ടറി | ഫിഡ്കോ | 3888/- ആഞ്ഞിലി മരം | 13 | 46656/-<br>3888/- | 1/2.5.19<br>2/2.5.19 |

വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും ഒരേ സാധനം വാങ്ങിയതു മൂലം ആദ്യ പ്രൊജക്ട് പ്രകാരം വാങ്ങിയ ഒരിനത്തിന് 132/-രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.ഉയർന്ന നിരക്കിൽ 82എണ്ണം വാങ്ങിയതിനാൽ ആകെ 10824/-രൂ സ്ഥാപനത്തിന് അധികമായി ചെലവഴിക്കേണ്ടതായി വന്നു. രേഖകൾ പരിശോധിച്ചതിൽ ആദ്യത്തെ പ്രൊജക്ടിനായി ടെണ്ടർ നടപടികൾ 2018നവംബർ മാസത്തിനുമുമ്പേ തന്നെ സ്വീകരിക്കുകയും 19.11.18ന് ഭരണസമിതി ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് കണ്ടു. എന്നാൽ രണ്ടാമത്തെ പ്രൊജക്ടിനായി ടെണ്ടർ ക്ഷണിച്ചിരിക്കുന്നത് 2019 ഫിബ്രവരി മാസത്തിലാണ്.ഇപ്രകാരം രണ്ട് ടെണ്ടർ ക്ഷണിച്ച് കട്ടിൽ വാങ്ങിയത് വാങ്ങൽ നടപടിക്രമം, പി 259/2010/LSGD തീയതി 8.11.2010 നമ്പർ പ്രകാരമുള്ള പ്രാദേശിക സർക്കാറുകൾക്കായി പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. വാങ്ങൽ പ്രക്രിയയിലെ സുതാര്യത,സാധനങ്ങളുടേയും സേവനങ്ങളുടേയും ഗുണനിലവാരം,ഒരുമിച്ച് വാങ്ങുമ്പോഴുള്ള സാമ്പത്തികമെച്ചം തുടങ്ങി വാങ്ങൽ നടപടിക്രമങ്ങളിൽ ഒരു ഹോളിസ്റ്റിക് സമീപനം ഉറപ്പു വരുത്തുന്ന രീതിശാസ്ത്രമാണ് മാന്വലിൽ പ്രതിപാദിക്കുന്നത്. ഇതിന്റെ സംക്ഷിപ്തം താഴെ പറയും പ്രകാരമാണ്.

1) എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും അവരുടെ പ്രൊജക്ട് നിർവ്വഹണത്തിനും ഓഫീസ് ഉപയോഗത്തിനും ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിക്ക്

സമർപ്പിക്കേണ്ടതാണ്.(സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുമുമ്പ് തന്നെ നിയമം അനുശാസിക്കുംവിധം വാർഷിക പദ്ധതിക്ക് DPC അംഗീകാരം വാങ്ങിയാൽ മാത്രമാണ് ഇത് സാധ്യമാകുക.അല്ലാത്ത പക്ഷം DPC അംഗീകാരം ലഭ്യമായ ഉടനെ ആവശ്യം അറിയിക്കേണ്ടതാണ്)

2) പ്രൊക്വർമെന്റ് കമ്മിറ്റി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ഓഫീസിന്റേയും ആവശ്യങ്ങൾ പരിശോധിച്ച് പൊതുവായ സാധനങ്ങൾ ഗ്രൂപ്പ് ചെയ്ത്, എണ്ണം കണക്കാക്കി,വാങ്ങുന്ന രീതി(നേരിട്ട്,ടെണ്ടർ,മറ്റ് വിധത്തിൽ)തീരുമാനിക്കേണ്ടതാണ്. തീരുമാനം, അംഗീകരിച്ച പ്രൊജക്ടിലെ വാങ്ങൽ രീതിയുമായി പൊരുത്തപ്പെടേണ്ടതോ അല്ലാത്ത പക്ഷം മാന്വലിലെ രീതിശാസ്ത്രം അവലംബിക്കുന്നത് സാധ്യമാകും വിധം പ്രൊജക്ടിൽ ഭേദഗതി വരുത്തുകയോ ചെയ്യേണ്ടതാണ്)

3) പ്രൊക്വർമെന്റ് കമ്മിറ്റി നിർദ്ദേശിക്കുന്ന രീതിയിൽ(നേരിട്ട്,ടെണ്ടർ,മറ്റ് വിധത്തിൽ) സാധനങ്ങൾ വാങ്ങുന്നതിന്, പ്രൊക്വർമെന്റ് ടീം സ്ഥാപനങ്ങളെ തെരെഞ്ഞെടുക്കുന്ന നടപടി സ്വീകരിക്കേണ്ടതാണ്.ടെണ്ടർ ചെയ്ത് സ്ഥാപനത്തെ തെരഞ്ഞെടുക്കുക,നേരിട്ടുള്ള വാങ്ങലിന്റെ സംഗതിയിൽ സ്ഥാപനവുമായി ബന്ധപ്പെടുക തുടങ്ങിയ നടപടികൾ ഈ ടീം നടത്തുന്നു.

4) പ്രൊക്വർമെന്റ് ടീം തെരഞ്ഞെടുത്ത് നല്കുന്ന സ്ഥാപനത്തിൽ നിന്നും കരാർ വച്ച് , ഓർഡർ നല്കി,സാധനങ്ങൾ സ്വീകരിച്ച്, പേമെന്റ് നടത്തി ,പ്രൊജക്ട് നിർവ്വഹണം പൂർത്തീകരിക്കുക എന്ന ജോലി നിർവ്വഹണോദ്യോഗസ്ഥൻ നിർവ്വഹിക്കേണ്ടതാണ്

5) നേരിട്ട്,ടെണ്ടർ,മറ്റ് വിധത്തിൽ വാങ്ങുന്ന സംഗതികളിലൊക്കെ മാന്വലിൽ നിർദ്ദേശിച്ച പ്രകാരം രൂപീകരിക്കുന്ന സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങളുടെ സാന്നിധ്യം ഉണ്ടാകേണ്ടതും,വാങ്ങൽ പ്രക്രിയ മുഴുവൻ ടീമിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

മേല്പറഞ്ഞ നടപടിക്രമങ്ങളിൽ ഒന്നും പോലും വാങ്ങൽ പ്രക്രിയയിൽ സ്ഥാപനം പാലിച്ചിട്ടില്ല.ഇതിൽ ക്രമ നമ്പർ 2 , 3 എന്നിവ പ്രകാരമുള്ളത് പാലിക്കാത്തതാണ് അധികചെലവിലേക്ക് പ്രധാനമായും നയിച്ചതെന്നു കാണാം.

പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെ സ്ഥാപനത്തിന് 10824/-രൂപയുടെ അധികചെലവ് വരുത്തിയതിന് വിശദീകരണം നല്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. കൃത്യമായ വിശദീകരണം നല്കാത്ത പക്ഷം തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. 10824/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ തുടർവർഷങ്ങളിലെ വാങ്ങലുകളുടെ രീതിശാസ്ത്രം പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾക്ക് അനുസൃതമാകാൻ പ്രത്യേകശ്രദ്ധ നല്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി,പ്രൊക്വർമെന്റ് കമ്മിറ്റി എന്നീ സംവിധാനങ്ങളുടെ മോണിറ്ററിംഗ് ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.വാങ്ങലുകളിൽ സ്വീകരിക്കുന്ന നടപടികൾ വിശദീകരിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 കാർഷിക രംഗത്തെ പദ്ധതികൾ -നിർവ്വഹണ 58% മാത്രം-മറ്റ് അപാകതകൾ

നിർവ്വഹണം- കൃഷി ഓഫീസർ

ഓഡിറ്റ് വർഷത്തിൽ കാർഷിക മേഖലയിൽ 5പുതിയ പദ്ധതികൾ ഉൾപ്പടെ ആകെ 7 പദ്ധതികൾ ആസൂത്രണം ചെയ്തതിൽ 2പുതിയവ ഉൾപ്പടെ 4എണ്ണത്തിന് മാത്രമാണ് തുക വിനിയോഗിച്ചത്. ആകെ 47.86ലക്ഷം രൂപ വകയിരുത്തിയതിൽ 27.64 ലക്ഷം മാത്രമാണ് ചെലവഴിക്കാനായത്. ചെലവഴിക്കാത്ത തുകയിൽ പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തിയ തുകയാണ് പ്രധാനമായും ഉൾപ്പെടുന്നത്. 32.21 ലക്ഷം വകയിരുത്തിയതിൽ 13.5ലക്ഷം മാത്രമാണ് പ്ലാൻ ഫണ്ട് ചെലവ്. നേന്ത്രവാഴ കൃഷി (പ്രൊ നം.56/20) പുഞ്ച നെൽകൃഷി വികസനം(പ്രൊ നം.74/20) കൃഷി ഭവന് ഉപകരണങ്ങൾ വാങ്ങൽ (പ്രൊ നം.240/20) എന്നീ പദ്ധതികൾ നടപ്പിലാക്കിയില്ല എന്നതിനൊപ്പം പുതിയ പ്രൊജക്ടായ നെൽകൃഷിക്ക് കൂലിച്ചെലവെന്ന പദ്ധതിക്ക് ഭാഗിക ചെലവ് മാത്രമേ വന്നിട്ടുള്ളൂ. നിർവ്വഹണത്തിൽ ഇപ്രകാരം ചെലവ് കുറയാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

<u>പ്രൊജക്ട് നിർവ്വഹണ നടപടികൾ-വിശദാംശങ്ങളില്ല</u>

ഓഡിറ്റ് വർഷത്തിൽ തുക ചെലവഴിച്ച പ്രൊജക്ടുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ഫണ്ടിനം | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | 118/20 കുറിയ ഇനം തൈ വിതരണം | പ്ലാൻ ഫണ്ട്<br>ഉ.വി | 430200/-<br>143400/- | 283200/-<br>Billno.3/14.1.20 |

| | | | | |
|---|---|---|---|---|
| | | | | 94400/- |
| 2 | 72/20നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | ജില്ലാപഞ്ചായത്ത് ഫണ്ട്,ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | 2040000 | 600000/-ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് 720000/- ജില്ലാപഞ്ചായത്ത് ഫണ്ട്, |
| 3 | 145/20നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി(സ്പിൽ ഓവർ) | പ്ലാൻ ഫണ്ട് | 945000/- | 940916/- Billno.2/29.4.19 |
| 5 | 129/19പാടശേഖരസമിതിക്ക് ടില്ലർ(സ്പിൽ ഓവർ) | പ്ലാൻ ഫണ്ട് | 126000/- | 126000/- Billno.1/29.4.19 |

പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ സംഭവിച്ച അപാകതകൾ താഴെ കൊടുക്കുന്നു.(സ്പിൽ ഓവർ പ്രൊജക്ടുകളുടെ കാര്യത്തിൽ 2018-19 വർഷത്തിൽ അപാകതകൾ സൂചിപ്പിച്ചിട്ടുണ്ട്)

1) നിർവ്വഹണം ,മോണിറ്ററിംഗ് എന്നിവയിൽ വീഴ്ചകളുണ്ടെന്ന് രേഖകളുടെ അഭാവം വ്യക്തമാക്കുന്നു

നിർവ്വഹിച്ച പ്രൊജക്ടുകളുടെ രേഖകൾ പരിശോധിച്ചതിൽ നിർവ്വഹണ നടപടിക്രമങ്ങൾ വ്യക്തമാക്കുന്ന എല്ലാരേഖകളും ഉൾപ്പെടുന്ന ഫയലുകളായല്ല ഓരോ പ്രൊജക്ടും സൂക്ഷിച്ചിരിക്കുന്നതെന്ന് കാണുന്നു.ഓരോ പ്രൊജക്ടിന്റേയും പകർപ്പും,തുക പിൻവലിച്ച് നല്കിയ ബിൽ കോപ്പിയും മാത്രമാണ് രേഖയായുള്ളത്.താഴെ പറയുന്ന പ്രസക്തമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

| ക്രമ നം | രേഖ |
|---|---|
| 1 | 13ആം പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശാനുസരണമുള്ള പദ്ധതിയുടെ കയ്യെഴുത്ത് പ്രതി |
| 2 | കൃഷി ഓഫീസറുടെ പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം |
| 3 | കൃഷി മോണിറ്ററിംഗ് സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് |

ക്രമ നം 2,3 എന്നിവ പ്രകാരമുള്ള അപാകതകളുടെ അടിസ്ഥാനത്തിൽ പ്രൊജക്ടുകൾ ലക്ഷ്യം കൈവരിച്ചോയെന്നും ധനസഹായം അർഹർക്ക് തന്നെയാണോ ലഭ്യമായതെന്നും ഉറപ്പുവരുത്താനായിട്ടില്ല.

2) <u>നെൽകൃഷിക്ക് കൂലിച്ചെലവ്- കർഷകർ വിള ഇൻഷ്വറൻസ് എടുത്തോയെന്ന് വ്യക്തമല്ല</u>

മുൻകൂറായി വിള ഇൻഷ്വറൻസ് ചെയ്തവർക്ക് മാത്രമേ സബ്സിഡിക്ക് അർഹതയുള്ളുവെന്ന് 14.02.18 തീയതിയിലെ ആർ.ടി 22/18/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക6.1(6) ൽ പ്രതിപാദിച്ചിട്ടുണ്ട്.എന്നാൽ ക്രമനം 2 പ്രകാരമുള്ള പ്രൊജക്ടിന്റെ കാര്യത്തിൽ ഇത് ഉറപ്പുവരുത്തിയാണോ ഗുണഭോക്താക്കൾക്ക് തുക നല്കിയതെന്ന് രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. പരാമർശങ്ങൾ ഒഴിവാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. പദ്ധതി നിർവ്വഹണത്തിൽ സീസണൽ സമീപനം സ്വീകരിച്ചുകൊണ്ട് സമയബന്ധിതമായി നിർവ്വഹിക്കാൻ പ്രത്യേകശ്രദ്ധ നല്കേണ്ടതാണ്. ഭാഗികമായ നിർവ്വഹണം സമയബന്ധിതമായ ലക്ഷ്യപ്രാപ്തിക്കും തടസ്സമാകും
2. ഒരു പ്രൊജക്ടും മോണിറ്റർ ചെയ്തിട്ടില്ലെന്ന് മോണിറ്ററിംഗ് റിപ്പോർട്ടുകളുടെ അഭാവത്തിൽ വ്യക്തമാണ്.ആകയാൽ പ്രൊജക്ടുകളുടെ ലക്ഷ്യപ്രാപ്തി സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ വിശദമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതും ഇതിന് മോണിറ്ററിംഗ് സമിതിയുടേയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും അംഗീകാരം വാങ്ങി ഓഡിറ്റിന്ഹാജരാക്കേണ്ടതുമാണ്
3. ധനസഹായം കൈപ്പറ്റിയ കർഷകർ വിള ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് നല്കേണ്ടതാണ്. ഇത് ഇല്ലാതേയാണ് സഹായം നല്കിയതെങ്കിൽ ആയതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-20 ഭിന്നശേഷിക്കാർക്കുള്ള ധനസഹായം-അർഹർക്കെല്ലാം ലഭിക്കുന്നില്ല- അർഹതപ്പെട്ട നിരക്കിൽ ലഭിക്കുന്നില്ല

നിർവ്വഹണം- ഐ സി ഡി എസ് സൂപ്പർവൈസർ

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (പ്രൊ നം.38/20) എന്ന പ്രൊജക്ട് പ്രകാരം മുൻവർഷത്തിലെന്നപോലെ ഓഡിറ്റ് വർഷത്തിലും 8 ലക്ഷം രൂപ വകയിരുത്തുകയും 685583/-രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. വകയിരുത്തിയതിൽ 4ലക്ഷം രൂപ ഗ്രാമപഞ്ചായത്തും 2ലക്ഷം രൂപ വീതം ജില്ലാ,ബ്ലോക്ക് പഞ്ചായത്തുകളുമാണ് വഹിക്കുന്നത്. രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിലെ അർഹരായ എല്ലാവർക്കും ധനസഹായം നല്കാൻ കഴിഞ്ഞിട്ടില്ലെന്നും സഹായം ലഭിച്ചവർക്ക് തന്നെ അർഹമായ തുക മുഴുവൻ ലഭിച്ചിട്ടില്ലെന്നും ബോധ്യപ്പെട്ടു. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ സംബന്ധിച്ചിടത്തോളം (സ.ഉ(കൈ)നം.22/2018/തസ്വഭവ,തീയ്യതി 14.02.2018 ഖണ്ഡിക 7.1.6 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയനുസരിച്ച് ഒരു വർഷം കുറഞ്ഞത് 28500/-രൂപയ്ക്ക് അർഹതയുണ്ട്. ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ഇത് 5300/-രൂപയാണ്. എന്നാൽ സൂപ്പർവൈസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം മാനസിക വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് (12പേർ) 10000/-രൂപ മുതൽ 25000/-രൂപ വരെ വിവിധ നിരക്കിലാണ് തുക നല്കിയിരിക്കുന്നത്. ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്ററിൽ വരുന്നവരായ 18വയസ്സിന് മുകളിലുള്ള 28പേർക്ക് 12000/-നിരക്കിൽ ധനസഹായം നല്കിയപ്പോൾ 9പേർക്ക് 2000/-രൂപ മുതൽ 6000/-രൂപ വരെയും 3പേർക്ക് തുകയൊന്നും നല്കിയില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം മാനസിക വൈകല്യം ബാധിച്ചവർ 87പേരും ശാരീരിക വൈകല്യമുള്ളവർ 412 പേരും സ്ഥാപനത്തിലുണ്ട്(ഇത് 18-19വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ്.)ഇതിൽ ധനസഹായത്തിന് അർഹരായവർ എത്രയെന്ന കണക്ക് ഈ റിപ്പോർട്ടിലോ നിർവ്വഹണ ഉദ്യോഗസ്ഥയുടെ കൈവശമോ ലഭ്യമല്ല. അർഹരായവർക്കെല്ലാം അർഹമായ നിരക്കിൽ ധനസഹായം ലഭ്യമാക്കാത്തതിന് കാരണം വിശദീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് വകയിരുത്തുന്ന തുകയ്ക്ക് ആനുപാതികമായി മാത്രമേ മറ്റ് ജില്ലാ,ബ്ലോക്ക് പഞ്ചായത്തുകൾ തുക വകയിരുത്തു എന്നതിനാൽ സ്ഥാപനം തുക വകയിരുത്തിയത് കുറഞ്ഞത് മറ്റ് സ്ഥാപനങ്ങളിൽ നിന്നും മേൽ വിഭാഗത്തിന് ലഭ്യമാകുന്ന തുക നഷ്ടപ്പെടുത്താൻ കാരണമായിട്ടുണ്ട്.

## 1-21 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന വാങ്ങൽ- രേഖകൾ സൂക്ഷിപ്പിലെ അപാകതയും മരുന്ന ലഭ്യമാവാത്തതും

പ്രോജക്ട് നം. : 64/20

അടങ്കൽ : 25,000/- വികസനഫണ്ട് (സാധാ)

ചെലവ് : 25,000/-(4/2019-20 തീ. 30.12.2019)

നിർവ്വഹണം : മെഡിക്കൽ ഓഫീസർ(ഹോമിയോ)

മേൽ പദ്ധതി പ്രകാരം ഹോമിയോ ഡിസ്പൻസറിയിലേക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി 25,000/- രൂപ 30.12.2019 ന് ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ തീയതിവരെയും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടിയുടെ വിവരം ഹാജരാക്കിയിട്ടില്ല. തുക കൈമാറി 6 മാസത്തിലേറെയായിട്ടും മരുന്നുകൾ ലഭിച്ചിട്ടില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന വാങ്ങൽ പദ്ധതിയ്ക്കായി 2018-19 ഒരു പുതിയ പ്രൊജക്ടും, ഒരു സ്പിൽ ഓവർ പ്രൊജക്ടും, 2019-20 വർഷത്തിൽ ഒരു പ്രൊജക്ടും ഉൾപ്പടെ രണ്ട് വർഷങ്ങളിലായി 3 പ്രൊജക്ടുകളാണ് ഉള്ളത്.

സർക്കാർ ഉത്തരവ് 22/2018/തസ്വഭവ തീ. 14.02.2018 ഖ. 7.5.3 എന്നിവ പ്രകാരം വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ അപര്യാപ്തമെങ്കിൽ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മരുന്നുവാങ്ങൽ പ്രൊജക്ട് തയ്യാറാക്കി മരുന്ന വാങ്ങി നൽകാവുന്നതാണ്. എന്നാൽ ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന വാങ്ങി നൽകിയ പദ്ധതികളുടെയൊന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഇതിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് പദ്ധതി രൂപീകരിച്ചതും നടപ്പാക്കിയതും എന്ന് വ്യക്തമാണ്. കൂടാതെ, ഇവയുമായി ബന്ധപ്പെട്ട് പ്രൊജക്ട് ഫയൽ അനുബന്ധ രേഖകൾ, ഇന്റന്റ് തയ്യാറാക്കിയതിന്റെ വിവരം, മറ്റ് കത്തിടപാടുകൾ എന്നിവ ചേർത്ത്

കൃത്യമായി സൂക്ഷിച്ചിട്ടില്ല. മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്ററിലെ സ്റ്റോക്ക് എൻട്രികൾ കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിലെ പ്രശ്നങ്ങളിൽ യഥാസമയങ്ങളിൽ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പും, മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയും/ഭരണ സമിതിയും ഇടപെട്ട് ആശുപത്രികളിൽ കൃത്യസമയത്ത് മരുന്ന് ലഭിക്കുന്ന എന്ന് ഉറപ്പുവരുത്തേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതും മറ്റ് അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ആവശ്യാമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-22 കുടിവെള്ള വിതരണ കരാറുകാരനിൽ നിന്നും ആദായനികുതി ഇനത്തിൽ ഈടാക്കിയ തുക വകുപ്പിൽ അടവാക്കിയില്ല.

2.3.2019 ലെ സ.ഉ.(സാധാ) നമ്പർ 500/2019 ത.സ്വ.ഭ.വ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ G.P.S.ഘടിപ്പിച്ച ടാങ്കറുകളിൽ ഗുണനിലവാരം ഉറപ്പുവരുത്തിയ കുടിവെള്ളം ജനങ്ങൾക്ക് സൗകര്യപ്രദമായസമയത്ത് ആവശ്യത്തിന് വിതരണം ചെയ്യുന്നതിനായി പഞ്ചായത്തിൽ ടെണ്ടർ നടപടികളിലൂടെ 4000 ലിറ്റർ കപാസിറ്റിയുള്ള ടാങ്ക് ഘടിപ്പിച്ച വാഹനം ഒരു.കി.മിറ്ററിന് 210 രൂപ നിരക്കിൽ സപ്ലൈചെയ്യുന്നതിന് റഫീഖ്.എം.എം.മണ്ണിൽ സമർപ്പിച്ച ടെണ്ടർ അംഗീകരിക്കുകയും ടിയാൻ 10.4.19 മുതൽ10.6.19 വരെ K.L.18D. 2824, KL11.BD 406 എന്നീ വാഹനങ്ങളിൽ ജി.പി.എസ് ഘടിപ്പിച്ച് കുടിവെള്ളം വിതരണം ചെയ്തതിന് താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ/ തിയ്യതി | തുക | വിശദവിവരം |
|---|---|---|
| 21900157 തി.24.5.2019 | 170219 | കിലോമീറ്ററിന് 210 രൂപ പ്രകാരം 810.57 കി.മി.അനുവദിച്ചത് |
| 21900175തി 30.5.19 | 211890 | കിലോമീറ്ററിന് 210 രൂപ പ്രകാരം 1009 കി.മി.അനുവദിച്ചത് |
| 21900261തി 3.7.2019 | 217980 | കിലോമീറ്ററിന് 210 രൂപ പ്രകാരം 1038 കി.മി. അനുവദിച്ചത് |
| 21900405 തി. 27.8.19 | 276118 | കിലോമീറ്ററിന് 210 രൂപ പ്രകാരം 1400കി.മീറ്ററിന് അനുവദിക്കാവുന്ന 294000 രൂപയിൽ അനുവദിച്ച മൊത്തം തുകയിൽ കരാറുകാരനിൽനിന്നും ഈടാക്കേണ്ട ആദായനികുതി (170219+211890+217980+ 294000=894089x2 %= 17882 രൂപ കഴിച്ച് അനുവദിച്ച തുക |

ആദായനികുതി ഇനത്തിൽ കരാറുകാരനിൽ നിന്നും ഈടാക്കിയ 17882 രൂപ നാളിതുവരെ ആദായനികുതി വകുപ്പിൽ അടവാക്കുകയോ 2019-20 ബാലൻഷീറ്റ് പ്രകാരം തുക അടവാക്കാനവശേഷിക്കുന്ന ബാധ്യതയായി

ബാലൻഷീറ്റ് ഷെഡ്യൂൾ B.9ൽ ഉൾപ്പെട്ടതായോ കാണുന്നില്ല. അപാകതക്ക് കാരണം വിശദമാക്കേണ്ടതും തുക അടവാക്കേണ്ടതുമാണ്.

## 1-23 കമ്പ്യൂട്ടറുകൾക്ക് എ.എം.സി-അപാകതകൾ

2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും മെയിന്റനൻസിനായി പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊ നം, പേര് | 230/20, കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും മെയിന്റനൻസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| അടങ്കൽ/ഫണ്ട് | 81000/ തനത് ഫണ്ട് |
| ചെലവ് | 68086 |
| വൗച്ചർ നം | 21900945, തീ.29.01.20 |
| കെൽട്രോൺ ഇൻവോയ്സ് നം | CLT/11612/19-20, 09.03.2020 |

ഗ്രാമപഞ്ചായത്തിലെയും ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ പ്രവർത്തിക്കുന്ന അനുബന്ധ കാര്യാലയങ്ങളിലെയും ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളുടെ എ.എം.സി ക്കായാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. 12 ഡെസ്ക്ടോപ് കമ്പ്യൂട്ടറുകൾക്കാണ് എ.എം.സി ഏർപ്പെടുത്തുന്നതിന് ശുപാർശ ചെയ്തിട്ടുള്ളത്. ആയത് പ്രകാരം 12 കമ്പ്യൂട്ടറുകൾക്ക് 4000 രൂപ നിരക്കിൽ 56640 രൂപ അടവാക്കിയിട്ടുമുണ്ട് ( 18% ജി.എസ്.ടി ഉൾപ്പെടെ ) .10696 രൂപ കമ്പ്യൂട്ടറുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് ഹാർഡ് ഡിസ്ക്, റാം (RAM) എന്നിവ പർച്ചേസ് ചെയ്യുന്നതിനും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലും ആസൂത്രണത്തിലും താഴെ പറയുന്ന അപാകതകളുണ്ടായിട്ടുണ്ട്.

- 12 കമ്പ്യൂട്ടറുകളുടെ വാർഷിക മെയിന്റനൻസിനാണ് തുക അടവാക്കിയിട്ടുള്ളത്.എന്നാൽ കരാറിൽ 11 കമ്പ്യൂട്ടറുകളുടെ മെയിന്റനൻസ് മാത്രമെ വ്യവസ്ഥ ചെയ്തിട്ടുള്ളൂ.
- കെൽട്രോണിൽ നിന്നും 10696 രൂപയുടെ HDD, RAM എന്നിവ ടെണ്ടർ/ക്വൊട്ടേഷൻ നടപടികളില്ലാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്. കെൽട്രോൺ നിർമ്മിച്ചതല്ലാത്ത മേൽ വസ്തുക്കൾക്ക് നേരിട്ട് വാങ്ങിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.
- കരാർ പ്രകാരം 28.02.2020 മുതൽ 27.02.2020 വരെയുള്ള കാലയളവിലേക്കാണ് എ.എം.സി ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട കരാർ കെൽട്രോണിൽ നിന്നും ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയിട്ടുള്ളത് 25.06.2020 തീയതിയിലാണ്. കൂടാതെ ഓഡിറ്റ് തീയ്യതിവരെയും ഗ്രാമപഞ്ചായത്ത് കരാറിൽ ഒപ്പ് വെച്ചിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
- കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനായി വാങ്ങിയിട്ടുള്ള RAM, HDD എന്നിവ 27.06.2020 തീയ്യതിയിലാണ് സ്ഥാപനത്തിൽ ലഭിച്ചിട്ടുള്ളത്. അപ്ഗ്രേഡ് ചെയ്യേണ്ട INA81400FB സീരിയൽ നമ്പറായുള്ള HP ക്ലയന്റ് കമ്പ്യൂട്ടർ നിലവിൽ ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിൽ പ്രവർത്തനക്ഷമമല്ലാത്ത നിലയിൽ സൂക്ഷിച്ചതായി ഭൗതിക പരിശോധനയിൽ വ്യക്തമായിട്ടുണ്ട് . കരാർ കാലയളവ് 5 മാസം പിന്നിട്ടിട്ടും സിസ്റ്റം പ്രവർത്തനക്ഷമമാക്കി ഉപയോഗപ്പെടുത്തുന്നതിലുണ്ടായ വീഴ്ച വിശദീകരിക്കേണ്ടതാണ്.
- INA81400FB സീരിയൽ നമ്പറായുള്ള HP ക്ലയന്റ് കമ്പ്യൂട്ടറിന് 2013-14 കാലയളവിൽ എ.എം.സി പരിരക്ഷ ഉണ്ടായിരുന്നുവെന്ന് സി.പി.യു വിൽ സ്റ്റിക്കർ പതിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. വാറന്റി പിരീഡ് കൂടി കണക്കിലെടുത്താൽ കമ്പ്യൂട്ടർ 2010-11 ലോ അതിന് മുൻപോ വാങ്ങിയതാണെന്ന് വ്യക്തമാണ്. ( സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല ) . 10 വർഷത്തിലധികം പഴക്കമുള്ള കമ്പ്യൂട്ടർ 8050 രൂപയിലധികം ചെലവഴിച്ച് ഉപയോഗപ്പെടുത്താൻ തീരുമാനിക്കും മുൻപ് ഉപകരണത്തിന്റെ തേയ്മാനം,മൂല്യം, ക്ഷമത എന്നിവ പരിശോധിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളെ സംബന്ധിച്ച ഹാർഡ്‌വെയർ രജിസ്റ്റർ പരിപാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. INA81400FB സീരിയൽ നമ്പറായുള്ള കമ്പ്യൂട്ടർ വാങ്ങിയ തിയ്യതി സംബന്ധിച്ച വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഇക്കാരണത്താൽ

തന്നെ മേൽ കമ്പ്യൂട്ടർ സാങ്കേതിക ജീവിതകാലയളവ് പിന്നിട്ടതാണോ എന്ന് പരിശോധിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചില്ല. സാങ്കേതിക ജീവിത കാലയളവ് പിന്നിട്ട കമ്പ്യൂട്ടറിന്റെ ഹാർഡ് ഡിസ്ക്, റാന്റം ആക്സസ് മെമ്മറി എന്നിവ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെങ്കിലും മറ്റ് ഘടകങ്ങൾ താഴ്ന്ന സ്പെസിഫിക്കേഷനിലുള്ളതിനാലും കമ്പ്യൂട്ടറിന്റെ കാലപ്പഴക്കവും കാരണം ദീർഘകാലം ഉപയോഗപ്പെടുത്താൻ സാധിക്കില്ലെന്നത് വ്യക്തമാണ് ( നിലവിൽ കമ്പ്യൂട്ടർ പ്രവർത്തന ക്ഷമമല്ല ). അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം- 13/27.07.2020 ) പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 പഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ മുഴുവൻ ജീവനക്കാരും ഉണ്ടായിരിക്കെ ദിവസസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചു.

ഗ്രാമപഞ്ചായത്തിൽ നിലവിൽ മൂന്ന് ക്ലർക്ക് തസ്തികകളും ഒരു സൂപ്പർ ന്യൂമററി ക്ലർക്ക് തസ്തികയുമാണുള്ളത്. കൂടാതെ 4 സീനിയർ ക്ലർക്ക് തസ്തികകളുമുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ക്ലർക്ക്, സീനിയർ ക്ലർക്ക് തസ്തികയിൽ ഒഴിവുകളൊന്നുംതന്നെ ഇല്ല എന്നിരിക്കെ ക്ലർക്ക് തസ്തികയിൽ ദിവസസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് തുക ചെലവഴിച്ചതായി കാണുന്നു. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| വൗച്ചർ നമ്പർ/ തിയ്യതി | തുക ചെലവഴിച്ചതിന്റെ വിശദവിവരം | ചെലവുതുക | റിമാർക്ക്സ് |
|---|---|---|---|
| 21900014/2/4/19 | 2019മാർച്ച്മാസത്തിൽ ദിവസ വേതനാടിസ്ഥാന ത്തിൽക്ലർക്ക് തസ്തികയിൽ ജോലിചെയ്തതിന് അബ്ദുള്ള.ടി എന്നാൾക്ക് അനുവദിച്ച തക | 22475 | |
| 21900055/8.4.19 | 2019മാർച്ച് മാസത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്തതിന് സഫീറ കെ.സിക്ക് അനുവദിച്ചതുക | 17400 | 2019മാർച്ച്മാസത്തിൽ ഒരു ക്ലറിക്കൽ തസ്തിക ഒഴിവുള്ളപ്പോൾ രണ്ട് പേരെ നിയമിച്ചു |
| 21900103/തി 2.5.19 | 2019ഏപ്രിൽ മാസത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്തതിന് സഫീറ.കെ.സിക്ക് അനുവദിച്ച തുക | 12325 | ക്ലർക്ക് തസ്തികയിൽ ഒഴിവില്ല |
| 21900188/തി 3.6.19 | 2019 മെയ് മാസത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽക്ലർക്ക് തസ്തികയിൽ ജോലി ചെയ്തതിന് സഫീറ കെ.സിക്ക് അനുവദിച്ച തുക | 14500 | ,, ,, |
| 21900280/തി4.7.19 | 2019ജൂൺമാസത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽക്ലർക്ക് തസ്തികയിൽ ജോലി ചെയ്തതിന് സഫീറ കെ.സിക്ക് അനുവദിച്ച തുക | 15950 | ,, ,, |
| 21900438/തി 4.8.19 | 2019ജൂലൈമാസത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്തതിന് സഫീറ.കെ.സിക്ക് അനുവദിച്ച തുക | 12325 | ,, ,, |
| 21900381 തി 17.8.19 | ജൂൺ മാസത്തിൽ ക്ലറിക്കൽ വർക്ക് ചെയ്തതിന് നാരായണൻ കെ എന്നാൾക്ക് നൽകിയത് | 12070 | ,, ,, |
| | | | |

| | | | |
|---|---|---|---|
| 21900444 തി 7.9.19 | 2019ആഗസ്റ്റ്മാസത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്തതിന് സഫീറകെ.സിക്ക് അനുവദിച്ച തുക | 12325 | ,, ,, |
| 21900522 തി12.10.19 | 2019 സെപ്റ്റമ്പർ മാസത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്തതിന് സഫീറ കെ.സിക്ക് അനുവദിച്ച തുക | 12325 | ,, ,, |
| 21900658 തി4.11.19 | 2019ഒക്ടോബർ മാസത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്തതിന് സഫീറകെ.സിക്ക് അനുവദിച്ച തുക | 15950 | ,, ,, |
| 21900812 തി3.12.19 | 2019നവംമ്പർമാസത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ക്ലർക്ക് തസ്തികയിൽ ജോലി ചെയ്തതിന് സഫീറ കെ.സിക്ക് അനുവദിച്ച തുക | 17400 | ,, ,, |
| 21900875 തി7.1.2020 | 2019ഡിസംമ്പർ മാസത്തിൽ ദിവസ വേതനാടിസ്ഥാന ത്തിൽക്ലർക്ക് തസ്തി കയിൽ ജോലി ചെയ്തതിന് സഫീറ കെ.സിക്ക് അനുവ ദിച്ചതുക | 16875 | ,, ,, |
| 21900964തി.3.2.2020 | 2020 ജനവരി മാസത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ക്ലർക്ക്ക് തസ്തികയിൽ ജോലി ചെയ്തതിന് സഫീറ കെ.സിക്ക് അനുവദിച്ച തുക | 18125 | ,, ,, |
| 21901044 തി4.3.2020 | 2020 ഫെബ്രുവരി മാസത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ക്ലർക്ക് തസ്തി കയിൽ ജോലി ചെയ്തതിന് സഫീറ കെ.സിക്ക് അനുവദിച്ച തുക | 13050 | ,, ,, |
| ആകെ | | 2,13,095 | |

പഞ്ചായത്തിൽ ആവശ്യത്തിന് ജീവനക്കാരുണ്ടായിരുന്നിട്ടും ദിവസസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച തുക ചെലവഴിക്കാനുണ്ടായ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 1-25 ലാബ് ഉപകരണങ്ങൾ വാങ്ങൽ-മുഴുവൻ ഉപകരണങ്ങൾ ലഭ്യമാവാത്തതും മറ്റ് അപാകതകളും.

പ്രൊജക്റ്റ് നമ്പർ- 119/20

വകയിരുത്തിയ തുക- 182000

ചെലവുതുക- 181814 (ബിൽ നമ്പർ 9/19-20 കി22.1.2020)

കുറ്റമറ്റ രോഗനിർണയത്തിലൂടെ രോഗത്തിന്റെ സങ്കീർണത കുറക്കുക,രോഗം നേരത്തെ കണ്ടെത്തി മരണനിരക്ക് കുറക്കുക എന്നീ ലക്ഷ്യത്തോടെ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ മുഖേന മേൽ പ്രൊജക്ട് പ്രകാരം ഓട്ടോ അനലൈസർ 25.6.2020 ൽ ആശുപത്രിയിൽ ലഭ്യമായിട്ടുണ്ട്. ആയതിന്റെ കാഷ് ബിൽ പരിശോധിച്ചതിൽ ഓട്ടോ അനലൈസറിനനുബന്ധമായി 5 ഇനങ്ങളാണ് ഉള്ളത്. ആയതിൽ ഒരിനമായ Epson LX310 Dot Matrix പ്രിന്റർ ഒരെണ്ണം ഉൾപ്പെട്ടിട്ടുണ്ട്. കാഷ് ബില്ലിൽ ഉൾപ്പെട്ട പ്രിന്റർ നാളിതുവരെ ആശുപത്രിയിൽ ലഭിച്ചിട്ടില്ലെന്ന് അധികൃതർ അറിയിച്ചു. കൂടാതെ മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ 181814 രൂപ അടവാക്കിയതിൽ 169920 രൂപമാത്രമെ പ്രിന്റർ ഉൾപ്പെടെ ഉപകരണങ്ങൾക്ക് വില വരുന്നുള്ളൂ. അവശേഷിക്കുന്ന 11894 രൂപ എപ്രകാരം വിനിയോഗിച്ചു എന്ന് വ്യക്തമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതും കാഷ് ബില്ലിൽ ഉൾപ്പെട്ട പ്രിന്റർ ലഭ്യമാക്കാൻ കൈകൊണ്ട നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-26 പട്ടികജാതിക്കാർക്ക് വീട് വാസയോഗ്യമാക്കൽ- അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചില്ല.

പ്രൊജക്ട് നമ്പർ- 14/19-20

വകയിരുത്തിയ തുക - 600000

ചെലവുതുക- 375000

നിർവഹണം - വി.ഇ.ഒ

പട്ടികജാതിക്കാർക്ക് വീട് വാസയോഗ്യമാക്കൽ പ്രൊജക്ട് പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ഒരാളായ വാർഡ് 12 ൽ പെട്ട അനില W/O സതീഷ് കുമാർ,പരപ്പിൽ എന്നവർക്ക് അഡ്വാൻസ് ഇനത്തിൽ 75000 രൂപ ബിൽ നമ്പർ 23/19-20തി .23.12.2019 പ്രകാരം പിൻവലിച്ച് നൽകിയിട്ടുണ്ട്. ടിയാൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡുകൈപറ്റിയിട്ടില്ല. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തപക്ഷം ഗുണഭോക്താവിന് അഡ്വാൻസ് ഇനത്തിൽ അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. ചെലവുതുക 75000/- തടസ്സത്തിൽ വെക്കുന്നു.

## 1-27 തുക കൈമാറിയ പദ്ധതികൾ- തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച.

2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ മുഖേന വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഉപയോഗപ്പെടുത്തിയോ എന്നത് സംബന്ധിച്ച ഒരു പരിശോധന വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റി എന്ന നിലയിൽ നടത്തിയതായി കാണുന്നില്ല. മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥനും വീഴ്ച വരുത്തിയിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്/നം | കൈമാറിയ തുക/ ബിൽ നം | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| 1 | 4/20, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 240000<br>34/19-20, 30.01.20 | കെ.എസ്.ഇ.ബി |
| 2 | 7/20, സ്നേഹസ്പർശം | 300000<br>21901150, 27.3.20 | ജില്ലാപഞ്ചായത്ത് |
| 3 | 167/20, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 298906<br>35/19-20,30.01.20 | കെ.എസ്.ഇ.ബി |
| 4 | 169/20, കെ.എസ്.ഇ.ബി സൂപ്പർവിഷൻ ചാർജ്ജ് അടക്കൽ | 8284<br>21900834,12.12.19 | കെ.എസ്.ഇ.ബി |

കൈമാറിയ തുകയുടെ വിനിയോഗ വിവരങ്ങൾ വിലയിരുത്തുന്നതിനുതകുന്ന ഒരു സിസ്റ്റത്തിന്റെ അഭാവമാണ് മേൽ അപാകതക്ക് കാരണമായിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ്/ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ മേൽ ചുമതല നിർവ്വഹിക്കുന്ന വിധത്തിൽ ക്രമീകരിക്കേണ്ടതും മേൽ പദ്ധതികളുടെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-28 വേളം ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയം പുസ്തകങ്ങളുടെ സൂക്ഷിപ്പിലെ അപാകതകൾ

വേളം ഗ്രാമപഞ്ചായത്തിലെ 14ാം വാർഡിൽ കമ്മ്യൂണിറ്റി ഹാളിന് സമീപമാണ് കമ്മന കുഞ്ഞിരാമൻ സ്മാരക സാംസ്കാരികനിലയം സ്ഥിതിചെയ്യുന്നത്. 3160 പുസ്തകങ്ങളുടെ വിവരങ്ങളാണ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത്. ലൈബ്രറിയിലെ പുസ്തകങ്ങളുടെ സൂക്ഷിപ്പിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1).12/05/2011 മുതൽ 11/07/2020 വരെ വിവിധ തിയ്യതികളിലായി വിതരണം ചെയ്ത പുസ്തകങ്ങളിൽ 48 പുസ്തകങ്ങൾ തിരികെ ലഭിക്കുവാനുണ്ട്.

2).ലൈബ്രറിയിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധച്ചതിൽ 254 പുസ്തകങ്ങൾ സ്റ്റോക്കിൽ ഇല്ലാത്തതായി ലൈബ്രേറിയൻ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ആയതിൽ 48 പുസ്തകങ്ങൾ തിരികെ ലഭിക്കാനുള്ള ആളുകളുടെ രേഖകൾ വിതരണരജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കി 206 പുസ്തകങ്ങൾ ആർക്കൊക്കെ വിതരണം ചെയ്തു എന്നത് സംബന്ധിച്ച യാതൊരു വിവരവും ലഭ്യമല്ല.

3).ലൈബ്രറിയുടെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള ബൈലോ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല.ലൈബ്രറി മെമ്പർഷിപ്പ് ഫീ ആയി 10 രൂപയും വാർഷിക വരിസംഖ്യ 12 രൂപയുമാണ് ഈടാക്കുന്നത്. പുസ്തകങ്ങൾ 15 ദിവസത്തേക്ക് കൈവശം വെയ്ക്കുന്നതിനാണ് അനുവദിച്ചിട്ടുള്ളത്. പുസ്തകങ്ങൾ വൈകി ലഭിക്കുന്ന വേളയിൽ ഫൈൻ ഈടാക്കുന്നില്ല.

4).ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പുസ്തകങ്ങളുടെ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി ഉറപ്പുവരുത്തുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം-22/19-20) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-29 യാത്രാ ക്ലെയിം സമർപ്പിക്കാതെ ജീവനക്കാർക്ക് യാത്രാപ്പടി അനുവദിക്കുന്നു

സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് ജീവനക്കാർക്കുള്ള യാത്രാപ്പടി ഇനത്തിൽ വൗച്ചർ നമ്പർ 21900560 തി 15.10.18 പ്രകാരം 10/18 മുതൽ3/19 വരെയുള്ള യാത്രാപ്പടി ഇനത്തിൽ 54996 രൂപയും, വൗച്ചർ നമ്പർ 21901156 തി.31.3.2020 വരെയുള്ള യാത്രാപ്പടി ഇനത്തിൽ 80564 രൂപയും അനുവദിച്ചിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് , ആർട്ടിക്കിൾ 53(ബി)(6) പ്രകാരം യാത്രനടത്തിയ മാസത്തിന്റെ തൊട്ടടുത്ത മാസം ഒന്നാം തിയ്യതി മുതൽ ഒരു വർഷത്തിനകം ജീവനക്കാരൻ യാത്രപ്പടിക്കുള്ള ക്ലെയിം സമർപ്പിച്ചിരിക്കണം. എന്നാൽ ജീവനക്കാരിൽ നിന്നും യാത്രനടത്തിയതിനുള്ള ക്ലെയിം ലഭ്യമാക്കാതെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് യാത്രാപ്പടി അനുവദിച്ചിരിക്കുന്നത്. അപാകതക്ക് കാരണം വിശദമാക്കേണ്ടതാണ്.

## 1-30 ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ അനുവദിച്ച തുക തിരികെ ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് സാമ്പത്തിക വർഷത്തിൽ ഓണം അഡ്വാൻസ് ഇനത്തിൽ വൗച്ചർ നമ്പർ 21900414തി. 29.8.19 പ്രകാരം 140000 രൂപ വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ താഴെപ്പറയുന്ന ജീവനക്കാർ അഡ്വാൻസ് ഇനത്തിൽ കൈപറ്റിയ തുക പൂർണമായുംതിരിച്ചടവാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെക്കൊടുക്കുന്നു.

| വിതരണം ചെയ്ത തിയ്യതി | കൈപറ്റിയ ഉദ്യോഗസ്ഥന്റെ പേര്/തസ്തിക | കൈപറ്റിയ തുക | തിരിച്ചടവാക്കിയ തുക | അടവാക്കാനവശേഷിക്കുന്ന തുക |
|---|---|---|---|---|
| 29.8.19 | മുഹമ്മദ് ഷഫീഖ് , സെക്രട്ടറി | 15000 | 3000 | 12000 |
| 29.8.19 | സുനിൽകുമാർ. സീനിയർ ക്ലർക്ക് | 15000 | 6000 | 9000 |
| | | | | |

| | | | | |
|---|---|---|---|---|
| ആകെ | | | | 21000 |

ഓണം അഡ്വാൻസ് ഇനത്തിൽ അനുവദിച്ച തുകയിൽ തിരിച്ചടവാക്കാനവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 1-31 ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- വർക്കിംഗ് ഗ്രൂപ്പ് ചുമതല നിർവ്വഹിച്ചില്ല.

2019-20 വർഷത്തിൽ മെഡിക്കൽ ഓഫീസർ, ആയുർവ്വേദം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഗവ.ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി മുഖേന 300000 രൂപയുടെ മരുന്ന് ഔഷധിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊ നം, പേര് | 2/20, ഗവ.ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| അടങ്കൽ/ഫണ്ട് | 300000/ |
| ചെലവ് | 300000 |
| ബിൽ നം | 40/19-20, തീ.28.09.2019 |

മരുന്നുകൾ 13.06.20 തീയതിയിലാണ് സ്ഥാപനത്തിന് ലഭ്യമായിട്ടുള്ളത്. പദ്ധതി ആസൂത്രണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പ് സാഹചര്യം, ആവശ്യകത എന്നിവ പരിശോധിക്കാതെയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. രോഗികളുടെ എണ്ണത്തിൽ കഴിഞ്ഞ വർഷങ്ങളിലുണ്ടായ ക്രമാനുഗതമായ വർദ്ധനവ്, മരുന്നുകളുടെ മൂല്യത്തിലുണ്ടായ വർദ്ധനവ് എന്നിവ പരിഗണിക്കാതെയാണ് അടങ്കൽ തുക നിശ്ചയിച്ചിട്ടുള്ളത്. കൂടാതെ ആവശ്യമായ മരുന്നുകളുടെ അളവ് നിശ്ചയിച്ചതും മതിയായ ഡാറ്റകളുടെ അഭാവത്തിലാണ്. ഉദാ- വാശാരിഷ്ടം എന്ന മരുന്ന് കഴിഞ്ഞ വർഷങ്ങളിൽ 120 ബോട്ടിലാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ പ്രസ്തുത മരുന്ന് സ്റ്റോക്കിലെടുത്ത് 3 മാസത്തിനുള്ളിൽ സ്റ്റോക്ക് തീർന്നിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ മേൽ പ്രവണത പരിശോധിക്കാതെ 2019-20 വർഷത്തിലും 120 ബോട്ടിൽ വാശാരിഷ്ടത്തിന് തന്നെയാണ് സ്ഥാപനം ഇന്റന്റ് തയ്യാറാക്കിയിട്ടുള്ളത്. മേൽ മരുന്നുകൾ ഉൾപ്പെടെ ഭൂരിഭാഗം മരുന്നുകളും ഓഡിറ്റ് പരിശോധനാ തിയ്യതിയിൽ സ്റ്റോക്ക് തീർന്നതായി സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. അടങ്കൽ തുക 3 ലക്ഷമായി പരിമിതപ്പെടുത്തുന്നതിനും ഇന്റന്റ് തയ്യാറാക്കുന്നതിനുമായി അടിസ്ഥാനമാക്കിയ വസ്തുതകൾ ഓഡിറ്റിനെ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം14/27.07.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

മുൻവർഷങ്ങളിലെ രോഗികളുടെ എണ്ണം, രോഗത്തിന്റെ സ്വഭാവം , കൂടുതലായി ഉപയോഗിച്ച മരുന്നുകൾ എന്നിവ സംബന്ധിച്ച ഒരു ഡാറ്റ തയ്യാറാക്കുകയോ വിശകലനം ചെയ്യുകയോ ചെയ്യാതെയാണ് വർക്കിംഗ് ഗ്രൂപ്പ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. വർഷങ്ങളായി 3 ലക്ഷം രൂപ വകയിരുത്തി തുകക്ക് ആനുപാതികമായി ഇന്റന്റ് തയ്യാറാക്കുകയാണ് ചെയ്യുന്നത്. ഇക്കാരണങ്ങളാൽ തന്നെ മിക്ക മരുന്നുകളും സ്റ്റോക്കിലെടുത്ത് 3-5 മാസത്തിനുള്ളിൽ തീർന്ന് പോയിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-32 അങ്കണവാടി പോഷകാഹാര വിതരണം -മതിയായ തുക വകയിരുത്തുന്നില്ല

നിർവ്വഹണം - ഐ സി ഡി എസ് സൂപ്പർവൈസർ

പ്രൊജക്ട് - 30/20അങ്കണവാടി ശിശുമന്ദിരം പോഷകാഹാര വിതരണം

ചെലവ് തുക -1800000/-രൂപ

മതിയായ വിഹിതം വകയിരുത്താത്തതിനാൽ പോഷകാഹാര വിതരണത്തിനായുള്ള ഓഡിറ്റ് വർഷത്തെ പ്രൊജക്ടിൽ നിന്നും 340520/- രൂപ മുൻവർഷത്തെ ചെലവ് വഹിക്കുന്നതിന് വിനിയോഗിച്ചിട്ടുണ്ട്. ഇക്കാര്യം

മുൻവർഷത്തെ റിപ്പോർട്ടിലും പ്രതിപാദിച്ചിട്ടുണ്ട്. പ്രൊജക്റ്റ് വിഹിതം മതിയാകാത്ത സാഹചര്യത്തിൽ അധിക തുക വകയിരുത്തി പ്രൊജക്റ്റ് ഭേദഗതി വരുത്തുകയും തൻവർഷം ഫണ്ട് ലഭ്യമാകാത്ത പക്ഷം അടുത്ത വർഷം സ്പിൽ ഓവറാക്കി ചെലവ് ചെയ്യുകയുമാണ് ചെയ്യേണ്ടിയിരുന്നത്.ഇതിന് വിരുദ്ധമായി തുക വിനിയോഗിച്ചത് തൻവർഷത്തെ പ്രൊജക്റ്റ് ലക്ഷ്യത്തെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. കൂടാതെ മുൻവർഷത്തെ ചെലവ് നടത്തുന്നതിന് തൻവർഷത്തെ വിഹിതം വിനിയോഗിച്ചത് അംഗീകരിച്ച ബജറ്റിൽ നിന്നുള്ള വ്യതിചലനവുമാണ് . മേല്പറഞ്ഞ അധിക ബാധ്യതയോടൊപ്പം തൻവർഷവും കുറഞ്ഞ തുക വകയിരുത്തിയതുമൂലമുള്ള ബാധ്യതയുണ്ടാവുകയും ഇതനുസരിച്ച് പ്രൊജക്റ്റ് ഭേദഗതി വരുത്താത്തതിനാൽ 767620/-ബാധ്യത സ്ഥാപനത്തിനുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഈ ബാധ്യത 2020-21വർഷത്തിൽ ആ വർഷത്തെ പുതിയ പ്രൊജക്റ്റ് പ്രകാരം നല്കിയിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടുണ്ട്. മതിയായ തുക സാമൂഹ്യക്ഷേമമേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യത്തിന് തുടർച്ചയായ വർഷങ്ങളിൽ വകയിരുത്താത്തത് വിശദീകരിക്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.മുൻവർഷം കണ്ടതു പോലെ ഭിന്നശേഷിക്കാർക്കുള്ള ധനസഹായത്തിന്റെ കാര്യത്തിലെന്നപോലെ അർഹമായ പ്രാധാന്യം സാമൂഹ്യക്ഷേമമേഖലയിലെ തന്നെ പോഷകാഹാര വിതരണത്തിന് നല്കുന്നതിൽ സ്ഥാപനത്തിന് വന്ന വീഴ്ചയാണ് അപാകതകൾക്ക് കാരണം. പദ്ധതിയ്ക്ക് ആവശ്യമായ തുകയുടെ കൃത്യമായ കണക്ക് നിർവ്വഹണ ഉദ്യോഗസ്ഥയുടെ പക്കലുണ്ടായിരിക്കേ മതിയായ വിഹിതം ഉറപ്പുവരുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കും,ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കും, എല്ലാത്തിനുമുപരിയായി ഭരണസമിതിക്കും വീഴ്ച വന്നുവെന്നു കാണാം. തുടർ വർഷങ്ങളിൽ ഇക്കാര്യത്തിന് പ്രഥമപരിഗണനനല്കാൻ മേല്പറഞ്ഞ സംവിധാനങ്ങൾ പ്രത്യേകശ്രദ്ധ നല്കേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതുമാണ്.

## 1-33 മാലിന്യമുക്ത വേളം

വേളം ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണ മേഖലയിൽ നടപ്പിലാക്കിയ പ്രൊജക്റ്റാണ് മാലിന്യമുക്ത വേളം. മാലിന്യ സംസ്കരണം ലക്ഷ്യം വെച്ചുകൊണ്ട് മേൽ പ്രൊജക്റ്റ് ഉൾപ്പെടെ വിവിധ പ്രൊജക്റ്റുകൾക്ക് ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിരുന്നെങ്കിലും വിവിധ കാരണങ്ങളാൽ അവയൊന്നുംതന്നെ നടപ്പിലാക്കി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. 2018-19, 19-20 സാമ്പത്തിക വർഷങ്ങളിൽ മേഖലയിൽ പഞ്ചായത്ത് തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ | പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 233/ 18-19 | M.C.F.നിർമ്മാണം | 1410000 | 819137 |
| 251/ 18-19 | ഗോവർദ്ധൻ | 1440000 | - |
| 49/18-19 | റിംഗ് കമ്പോസ്റ്റ് വീടുകളിൽ | 130000 | - |
| 112/18-19 | ബയോഗ്യാസ് പ്ലാന്റ് വ്യക്തികൾക്ക് | 105000 | 33000 |
| 238/18-19 | മാലിന്യ മുക്ത വേളം | 270000 | - |
| 279/18-19 | സൗചാലയം അറ്റകുറ്റപ്പണി | 739200 | - |
| 149/19-20 | M.C.F.നിർമ്മാണം | 520863 | 165337 |
| 124/19-20 | M.C.F സെന്ററിൽ ഗതാഗതം വർദ്ധിപ്പിക്കൽ | 600000 | 161412 |
| 93/19-20 | M.C.F സെന്ററിൽ സൗകര്യം വർദ്ധിപ്പിക്കൽ | 301040 | - |
| 170/19-20 | ഗോവർദ്ധൻ | 1440000 | 288000 |
| 137/19-20 | ബയോഗ്യാസ് പ്ലാന്റ് വ്യക്തികൾക്ക് | 72000 | 30000 |
| 179/19-20 | സൗചാലയം അറ്റകുറ്റപ്പണി | 739200 | 101640 |
| 175/19-20 | വീടുകളിൽ റിംഗ് കമ്പോസ്റ്റ് | 130000 | 35000 |

അജൈവമാലിന്യ ശേഖരണത്തിനും, ജൈവമാലിന്യ സംസ്കരണത്തിനും ഉതകുന്ന ഒട്ടനവധി പ്രൊജക്റ്റുകൾക്ക് രണ്ട് സാമ്പത്തിക വർഷങ്ങളിലും തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് തുക പരിമിതമാണെന്ന് മേൽ

വിവരങ്ങളിൽ നിന്നും വ്യക്തമാവുന്നു.

സ.ഉ.നമ്പർ 11/18/ത.സ്വ.ഭ.വ. തി 29.1.18 ഖണ്ഡിക 7.1.സി പ്രകാരം ഓരോപ്രദേശത്തെയും മാലിന്യമുക്തമാക്കുന്നതിനായി ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവമാലിന്യങ്ങൾ പുനചംക്രമണത്തിന് വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങളെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനുതകുന്ന പ്രൊജക്ടുകൾ ഏറ്റടുത്ത് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ആയത് ഒന്നുംതന്നെ ലക്ഷ്യം കൈവരിച്ചുകാണുന്നില്ല. ജൈവമാലിന്യങ്ങൾ ജൈവവള ഉത്പാദനത്തിനും ,ഊർജോത്പാദനത്തിനും ഉപയോഗപ്പെടുത്തുന്ന പ്രൊജക്ടുകൾ ഏറ്റടുത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2018-19 സാമ്പത്തിക വർഷത്തിൽ ഗോവർദ്ധൻ പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ടെങ്കിലും ആയത് നാളിതുവരെ പൂർത്തീകരിച്ച് ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല.

അജൈവമാലിന്യ ശേഖരണത്തിനുള്ള M.C.F കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം ഗ്രാമപഞ്ചായത്തിലെ 5ാം വാർഡിൽ പൂർത്തിയായി വരുന്നുണ്ടെങ്കിലും അജൈവമാലിന്യ സംസ്കരണത്തിനുള്ള സംവിധാനം പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ മരുതോങ്കര ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന സംഭരണ സംസ്കരണകേന്ദ്രത്തിലാണ് നിലവിൽ പഞ്ചായത്തിൽ നിന്നുംശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ കൊണ്ടുപോയി സംസ്കരിക്കുന്നത്.

പഞ്ചായത്തിലെ 17വാർഡുകളിലും 2വീതം അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനകൾ രൂപീകരിച്ച് അവരുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ മാലിന്യങ്ങൾ 2018 ആഗസ്റ്റ് മാസം മുതൽ ശേഖരിച്ചുവരുന്നുണ്ട്. ഹരിതകർമ്മസേനകൾ വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിച്ച് ബ്ലോക്ക് തല എം.ആർ.എഫ് കേന്ദ്രത്തിൽ എത്തിക്കുന്നു. ഹരിതകർമ്മസേനകൾ മാലിന്യം ശേഖരിക്കുന്നതിന് വീടുകളിൽനിന്നും 50 രൂപയും മറ്റ് സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയും ഈടാക്കുന്നു. ആയത് പഞ്ചായത്ത് പ്രസിഡണ്ട്,V.E.Oഎന്നിവരുടെ സംയുക്ത എകൗണ്ടിൽ സൂക്ഷിച്ച് ഹരിതകർമ്മ സേനാംഗങ്ങളുടെ വേതനം, മറ്റ് ആവശ്യങ്ങൾ എന്നിവക്കായി ഉപയോഗിച്ച് വരുന്നു. ഹരിതകർമ്മ സേനാംഗങ്ങൾക്ക് യൂണിഫോം, ബൂട്ട്. I.D.കാർഡ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

മേഖലയിലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം പരിശോധിച്ചതിൽ മാലിന്യ ശേഖരണത്തിനും ഹരിതകർമ്മസേനകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ശ്രദ്ധ പതിപ്പിക്കുന്നതായി കാണുന്നു. അതിനോടൊപ്പംതന്നെ പഞ്ചായത്തിലെ പൊതു കുളങ്ങളും മറ്റ് ജലാശയങ്ങൾ,എന്നിവ തൊഴിലുറപ്പ് പദ്ധതി, സന്നദ്ധപ്രവർത്തനങ്ങൾ എന്നിവയിലൂടെ ശുചീകരിക്കപ്പെട്ടതായി വി.ഇ.ഒ.അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ മഴക്കാല പൂർവ ശുചീകരണപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ട്.

പഞ്ചായത്തിൽ നിർമ്മാണം പൂർത്തിയായികൊണ്ടിരിക്കുന്ന M.C.F കേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നതോടൊപ്പം അജൈവമാലിന്യ സംസ്കരണത്തുനുതകുന്ന സംവിധാനം പഞ്ചായത്ത് തലത്തിൽ തന്നെ തയ്യാറാക്കി അജൈവമാലിന്യ സംസ്കരണത്തിന് പഞ്ചായത്തിൽ തന്നെ സംവിധാനം കൈകൊള്ളാവുന്നതാണ്. ജൈവമാലിന്യ സംസ്കരണത്തിനും ഊർജ്ജോത്പാദനത്തിനുമായി ഇപ്പോൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന ഗോവർദ്ധൻ പ്രൊജക്ട് പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാവുന്നതാണ്.

## 1-34 ലൈഫ് ഭവനപദ്ധതി

സ്വന്തമായി ഭൂമിയുള്ളവർക്ക് വീട് പൂർത്തീകരിക്കുന്നതിന് ഉതകുന്നതരത്തിലുള്ള ധനസഹായം ഉറപ്പാക്കിയും, നിർമ്മാണം അപൂർണമായ വീടുകളുടെ പൂർത്തീകരണത്തിന് സഹായം ലഭ്യമാക്കുന്നതോടൊപ്പം ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭവനസമുച്ചയങ്ങൾ അടിസ്ഥാനമാക്കിയുള്ള പുനരധിവാസ പദ്ധതി ലക്ഷ്യമിട്ടുള്ള ലൈഫ് ഭവനപദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും അപൂർണമായ വീടുകളുടെ പൂർത്തീകരണത്തിന് 21 പേർക്ക് അധിക ധനസഹായം അനുവദിച്ചതിൽ 20 പേരും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരിൽ 2018-19 സാമ്പത്തിക വർഷത്തിൽ മൊത്തം 164 പേർക്കും. (ജനറൽ.158, എസ്.സി .6).2019-20 ൽ30 പേർക്കും (ജനറൽ 18, എസ്.സി 12) ഉൾപ്പെടെ മൊത്തം 194 പേർക്ക് എഗ്രിമെന്റ് വെച്ച് ആദ്യഗഡുവിതരണംചെയ്തതിൽ 164പേർ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് (ജനറൽ154, എസ്.സി 9). അവശേഷിക്കുന്ന 21 പേരുടെ ഭവനനിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

## 1-35 പാലിയേറ്റീവ് പരിചരണം-മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ അടവാക്കിയ മുഴുവൻ തുകക്കും മരുന്നുകൾ ലഭ്യമായില്ല.

പ്രോജക്ട് നമ്പർ- 59/19-20

വകയിരുത്തിയ തുക- 500000

ചെലവുതുക-476645/-

പാലിയേറ്റീവ് പരിചരണത്തിനായി വകയിരുത്തിയ തുകയിൽനിന്നും അടിയന്തിര പരിചരണം ആവശ്യമുള്ള രോഗികൾക്ക് ഉപകരണങ്ങൾ വാങ്ങിക്കുന്നതിനായി ബിൽനമ്പർ 17/19-20 തി31.3.2020പ്രകാരം 68000രൂപപിൻവലിച്ച് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. ഹാജരാക്കിയ രേഖകൾ പ്രകാരംഅടവാക്കിയ തുകക്ക് വിവിധ ഘട്ടങ്ങളായി13254 രൂപയുടെ ഉപകരണങ്ങൾമാത്രമെ സ്ഥാപനത്തിൽ ലഭ്യമായിട്ടുള്ളു. അവശേഷിക്കുന്ന 54746 രൂപയുടെ ഉപകരണങ്ങൾ ലഭ്യമാക്കാൻ കൈകൊണ്ട നടപടികൾ അറിയിക്കേണ്ടതാണ്. ഉപകരണങ്ങൾ ലഭ്യമാവാത്തതിനാൽ അവശേഷിക്കുന്ന തുക 54746 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-36 മരാമത്ത്-പൊതു അപാകതകൾ

1. സൈറ്റ് പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.

ഒരു പ്രവൃത്തിയ്ക്കായി ഡിറ്റേയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലം വിശദമായി പരിശോധിച്ച വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. 2012 ലെ പുതുക്കിയ PWD മാന്വലിലെ സെക്ഷൻ 1601.1.2(ii) ൽ പുതിയ പ്രവൃത്തികളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികളും സെക്ഷൻ 2601 മുതലുള്ള ഭാഗത്ത് മെയിന്റനൻസ് പ്രവൃത്തികളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികളെകുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. എന്നാൽ പ്രധാനമായും റോഡുകളുടെ കാര്യത്തിൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ പലതും തയ്യാറാക്കിയിരിക്കുന്നത്. മാന്വലിൽ നിർദ്ദേശിക്കും പ്രകാരമുള്ള എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്. ഇക്കാരണങ്ങളാൽ റോഡ് പ്രവൃത്തികളിൽ താഴെ പറയുന്ന കാര്യങ്ങളിൽ അവ്യക്തത നിലനിൽക്കുന്നു.

1) റോഡുകളുടെ ആകെ നീളവും എവിടെ ആരംഭിക്കുന്നെന്നും അവസാനിക്കുന്നെന്നുമുള്ള വിവരങ്ങൾ

2)അറ്റകുറ്റപ്പണിയാണെങ്കിൽ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിന്റെ നിലവിലെ അവസ്ഥ

3) പുതിയ നിർമ്മിതിയാണെങ്കിൽ ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും

4) പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം ,മറ്റ് സ്ഥാപനങ്ങൾ (ഉദാ: ബ്ലോക്ക് , ജില്ലാ പഞ്ചായത്തുകൾ) നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ

5) പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ.

6) പ്രവൃത്തി പൂർത്തികരിക്കാനുദ്ദേശിക്കുന്ന കാലയളവ്

സൈറ്റ് പരിശോധിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

എ. എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് ആധാരമാക്കിയ അളവുകളിൽ കൃത്യതയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 197/20 നമ്പറായി ആസൂത്രണം ചെയ്ത് നടപ്പാക്കിയ കുഴമ്പിൽ മുക്ക്- ചെറിയ പറമ്പത്ത് റോഡ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം റോഡിന്റെ നീളം 250 മീറ്ററും വീതി 3 മീറ്ററുമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് തുക നൽകുന്നതിനടിസ്ഥാനമാക്കിയ അളവ് പുസ്തകത്തിലെ (നം-303/19) അളവുകൾ പ്രകാരം റോഡിന്റെ ആകെ നീളം 150 മീറ്ററും വീതി 3 മുതൽ 3.20 വരെയുമാണ്. 150 മീറ്റർ മാത്രം നീളമുള്ള ഒരു റോഡിന് 250 മീറ്ററിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിലൂടെ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ സൈറ്റ് പരിശോധിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാണ്. 244456 രൂപ മാത്രം ചെലവ് വന്ന പ്രസ്തുത പ്രവൃത്തിക്ക് 400000 രൂപ അടങ്കൽ ചെയ്യുകയും 25.07.2019 തിയ്യതിയിൽ ഫൈനൽ ബിൽ നൽകിയതിന് ശേഷവും അധികം വകയിരുത്തിയ 155544 രൂപ പദ്ധതി പരിഷ്കരിച്ച് മറ്റ് പദ്ധതികൾക്കായി ഉപയോഗപ്പെടുത്താതെ നഷ്ടപ്പെടുത്തി.

ബി. ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ- റോഡ് പ്രവൃത്തികൾ തടസ്സപ്പെടുന്നു.

സെക്രട്ടറി/അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത കൈതക്കൽ മുക്ക്-മുതുകുന്ന് റോഡ് കോൺക്രീറ്റ് (നം-110/20, അടങ്കൽ- 350000) , പെരുവയൽ - മണാട്ടിൽ മുക്ക് റോഡ് (നം- 198/20, അടങ്കൽ- 569000 ) എന്നീ റോഡ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കേണ്ടതുണ്ടെന്ന് 1055/എ.ഇ/എൽഎസ്.ജി.ഡി/വിഎൽഎം/19-20, തീ.06.02.20 നമ്പർ കത്ത് മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്തിനെ അറിയിക്കുകയും പദ്ധതി രൂപീകരിച്ച് (നം-238/20 ) തുക കെ.എസ്.ഇ.ബി ക്ക് കൈമാറിയിട്ടുമുണ്ട്. പ്രവൃത്തി നടത്തുന്നതിന് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കേണ്ടത് അനിവാര്യമാണെന്ന വസ്തുത നിർവ്വഹണ ഉദ്യോഗസ്ഥൻ തിരിച്ചറിഞ്ഞത് സാമ്പത്തിക വർഷത്തിന്റെ അവസാന ഘട്ടത്തിലാണ്. ആയത് സൈറ്റ് കാണാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നതിന്റെ തെളിവാണ്. ഇത് മൂലം 110/20,198/20 നമ്പർ പദ്ധതികൾക്കായി അടങ്കൽ ചെയ്ത 919000 രൂപയിൽ ഒരു രൂപ പോലും ചെലവഴിക്കാതെ നഷ്ടപ്പെട്ടു.

സി. <u>എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു.</u>

2019-20 വർഷത്തിൽ 9 പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളാണ് പുതുക്കിയിട്ടുള്ളത് . സൈറ്റ് കണ്ടീഷൻ, ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന് ആധാരമാക്കിയ അളവുകളിലെ വ്യത്യാസം എന്നിവ കാരണമാണ് മിക്ക എസ്റ്റിമേറ്റുകളും പുതുക്കേണ്ടി വന്നിട്ടുള്ളത്. ആയത് ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുൻപായി സൈറ്റ് പരിശോധന നടത്തപ്പെട്ടിട്ടില്ലെന്നതിന്റെ തെളിവാണ്. ഇത്തരത്തിൽ നിർവ്വഹണ ഘട്ടത്തിൽ എസ്റ്റിമേറ്റ് പുതുക്കുമ്പോൾ പല ഇനങ്ങളും പരിമിതപ്പെടുത്തിയാണ് പ്രവൃത്തി പൂർത്തീകരിക്കുന്നത്. മേൽ അപാകതകൾ വർക്കിംഗ് ഗ്രൂപ്പ് വിഭാവനം ചെയ്ത ഗുണനിലവാരത്തിലും അളവിലും മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സാധിക്കാത്ത സാഹചര്യമുണ്ടാക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന് ലഭ്യമായ സാങ്കേതിക വിഭാഗം ജീവനക്കാരുടെ മനുഷ്യശേഷി പരിഗണിക്കാതെ പൊതുമരാമത്ത് മേഖലയിൽ പ്രൊജക്ടുകൾ ആസൂത്രണം ചെയ്യപ്പെട്ടിട്ടുണ്ട്. 2019-20 വർഷം നിർവ്വഹണം നടത്തുന്നതിനായി 194 പദ്ധതികളാണ് ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ളത്. ആയതിൽ 104 പദ്ധതികൾ മാത്രമെ നിർവ്വഹണം നടത്തിയിട്ടുള്ളൂ. ആസൂത്രണം ചെയ്ത മുഴുവൻ പദ്ധതികളും നിർവ്വഹണം നടത്തുന്നതിന് മതിയായ മനുഷ്യശേഷി പഞ്ചായത്തിനില്ലെന്ന വസ്തുത പരിഗണിക്കപ്പെടാതിരുന്നത് മേൽ അപാകതകളുടെ മുഖ്യ കാരണമാണ്. മതിയായ സ്ഥല പരിശോധനകളോ പഠനങ്ങളോ ഇല്ലാതെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തതും അപാകതകൾക്ക് കാരണമായിട്ടുണ്ട്.

അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ആയത് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## <u>1-37 പൊതു മരാമത്ത് പദ്ധതി നിർവ്വഹണത്തിൽ വീഴ്ചമൂലം ഫണ്ട് നഷ്ടമാകുന്നു.</u>

2019-20 വർഷത്തിൽ പൊതു മരാമത്ത് മേഖലയിൽ സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി 115 പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ആയതിൽ 60 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. എന്നാൽ ആസൂത്രണം ചെയ്ത 115 പദ്ധതികളിൽ 54 എണ്ണം മാത്രമെ തൻ വർഷം നിർവ്വഹണം നടത്തിയിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പുതിയ പ്രൊജക്ടുകളുടെ വിശദാംശം.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ ചെയ്ത തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| സെക്രട്ടറി | 21 | 10 | 6780440 | 2259398 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 34 | 3 | 12346000 | 1034073 |
| ആകെ | 55 | 13 | 19126440 | 3293471 |

സ്പിൽ ഓവർ പ്രവൃത്തികളുടെ വിശദാംശം.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ ചെയ്ത തുക | ചെലവഴിച്ച തുക | നടപ്പാക്കാത്ത പദ്ധതികൾക്ക് വകയിരുത്തിയ തുക |
|---|---|---|---|---|---|
| സെക്രട്ടറി | 21 | 13 | 10721250 | 5361660 | 4954717 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 39 | 28 | 13808942 | 9839211 | 3255895 |
| ആകെ | 60 | 41 | 24530192 | 15200871 | 8210612 |

മേൽ ഡാറ്റ വിശകലനം ചെയ്തതിൽ നിന്നും 2019-20 വർഷത്തിൽ പൊതുമരമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ 43656632 രൂപയിൽ 18494342 രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ. അടങ്കൽ തുകയുടെ 42.36 ശതമാനം തുക മാത്രമെ സ്ഥാപനത്തിന് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. 2019-20 വർഷത്തെ ബജറ്റ് വിഹിതമായി 73340000 രൂപയാണ് ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി അനുവദിക്കപ്പെട്ടിട്ടുള്ളത് . ആയതിൽ 45751549 രൂപ ഉപയോഗപ്പെടുത്തുന്നതിന് മാത്രമെ സ്ഥാപനത്തിന് സാധിച്ചിട്ടുള്ളു. ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും അപാകതകൾ കാരണം 27588451 രൂപ ചെലവഴിക്കാതെ നഷ്ടപ്പെട്ടു. ആയതിൽ മഖ്യ പങ്ക് വഹിച്ചത് പൊതുമരാമത്ത് മേഖലയിൽ ആസൂത്രണം ചെയ്ത പദ്ധതികളുടെ നിർവ്വഹണത്തിലെ അപാകതയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചില്ല.

2019-20 വർഷത്തെ 115 പൊതുമരാമത്ത് പദ്ധതികളിൽ 60 എണ്ണവും സ്പിൽ ഓവർ പദ്ധതികളായിരുന്നു. മുൻ വർഷങ്ങളിൽ ഏക വർഷ പ്രൊജക്ടുകളായി ആസൂത്രണം ചെയ്ത മേൽ പദ്ധതികളിൽ 19 പദ്ധതികൾ നിർവ്വഹണത്തിനായി ഒരു അധിക വർഷം ലഭിച്ചിട്ടും നിർവ്വഹണം നടത്തുന്നതിന് സാധിച്ചിട്ടില്ല. മേൽ പ്രൊജക്ടുകൾക്ക് മാത്രമായി വകയിരുത്തിയ 8210612 ഇപ്രകാരം നഷ്ടപ്പെട്ടിട്ടുണ്ട്. 2019-20 ൽ നിർവ്വഹണം നടത്തിയ 41 സ്പിൽ ഓവർ പദ്ധതികൾക്കായി വകയിരുത്തിയ തുകയിൽ 61.96 ശതമാനം മാത്രമാണ് ചെലവുള്ളത് എന്നതും ശ്രദ്ധേയമാണ്.

സ്പിൽ ഓവർ പദ്ധതികൾക്ക് ഭരണ-സാങ്കേതിക അനുമതികൾ മുൻകൂറായി ലഭിച്ചിരുന്ന സാഹചര്യത്തിലും പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് പ്രവൃത്തി നിർവ്വഹണ കലണ്ടർ തയ്യാറാക്കി പദ്ധതി പ്രവർത്തനങ്ങളിൽ ഇടപ്പെട്ട് മോണിറ്ററിംഗ് കമ്മിറ്റി എന്ന നിലയിലുള്ള പങ്ക് വഹിച്ചിട്ടില്ല. സ്പിൽ ഓവർ പദ്ധതിയായതിനാൽ നടപ്പ് വർഷം പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചില്ലെങ്കിൽ പദ്ധതിയും അടങ്കൽ തുകയും നഷ്ടപ്പെടുന്ന സാഹചര്യം മുൻനിർത്തി മുൻഗണനാ ക്രമത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിനുള്ള നടപടികളുണ്ടായില്ല.

പുതിയ പദ്ധതികളിൽ നിർവ്വഹണം നടത്തിയവ 23.6 ശതമാനം മാത്രം

2019-20 വർഷത്തിൽ ആസൂത്രണം ചെയ്ത 55 പുതിയ പൊതുമരാമത്ത് പ്രവൃത്തികളിൽ 13 എണ്ണം മാത്രമെ നിർവ്വഹണം നടത്തിയിട്ടുള്ളു. അതായത് തൻവർഷത്തേക്ക് ആസൂത്രണം ചെയ്ത വികസന പ്രവർത്തനങ്ങളിൽ നാലിലൊന്ന് പോലും പൂർത്തീകരിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചില്ല. മേൽ പദ്ധതികളിൽ ഭൂരിഭാഗവും 2020-21 വർഷത്തിൽ സ്പിൽ ഓവറായി തുടരുന്നുണ്ട്. നിർവ്വഹണ ഘട്ടത്തിലുണ്ടായ വീഴ്ച പ്രദേശത്തിന്റെ ഒരു വികസന വർഷം തന്നെ നഷ്ടപ്പെടുത്തിയിട്ടുണ്ടെന്നത് ഇതിൽ നിന്നും വ്യക്തമാകുന്നു.

<u>മറ്റ് അപാകതകൾ</u>

1.ടെണ്ടർ നടപടി ക്രമങ്ങളിൽ കാലതാമസം-

മെയ് മാസത്തിൽ ഭരണ-സാങ്കേതിക അനുമതികൾ ലഭിച്ച പ്രൊജക്ടുകളിൽ പോലും നവംബർ, ഡിസംബർ മാസങ്ങളിലാണ് ടെണ്ടർ നടപടി സ്വീകരിച്ചിട്ടുള്ളത്.

2. പദ്ധതികൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നു,

ഒരു റോഡിന്റെ മുഴുവൻ ഭാഗവും ഉൾപ്പെടുത്തി പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് പകരം റോഡിന്റെ വളരെ കുറഞ്ഞ ഭാഗം മാത്രമെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുള്ളൂ. ബാക്കി വരുന്ന ഭാഗം തുടർ വർഷങ്ങളിൽ പുതിയ പ്രൊജക്ടായി നടപ്പാക്കുന്ന പ്രവണതയാണ് സ്ഥാപനത്തിലുള്ളത്. ഇത് മൂലം 5 ലക്ഷത്തിൽ താഴെ അടങ്കൽ തുകകളുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്യപ്പെടുന്നത്. ചെറിയ പദ്ധതികളായതിനാൽ ടെണ്ടറിൽ കരാറുകാരുടെ പങ്കാളിത്തം കുറയുന്നതിനും മത്സര സ്വഭാവം നഷ്ടപ്പെടുന്നതിനും കാരണം. സ്ഥാപനത്തിലെ കഴിഞ്ഞ 3 വർഷത്തെ ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും സ്ഥിരം കരാറുകാരാണ് പഞ്ചായത്തിലെ പ്രവൃത്തകൾ നിർവ്വഹിക്കുന്നതെന്നത് ബോധ്യപ്പെട്ടിട്ടുണ്ട്. ഭൂരിഭാഗം പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിലോ, അതിൽ കൂടിയ നിരക്കിലോ ആണ് കരാറായിട്ടുള്ളത്.

അപാകതകൾ പരിഹരിച്ച് പരിഹാരനടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അധിക വില നൽകി ഭൂമി വാങ്ങി

2019-20 വർഷത്തിൽ വലകെട്ട് അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആവശ്യാർത്ഥം 3 സെന്റ് ഭൂമി സുബൈർ കിണറുള്ളതിൽ എന്നവരിൽ നിന്നും പഞ്ചായത്ത് വിലക്ക് വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ നം/പേര് | 173/20, അംഗൻവാടി<br>സ്ഥലം വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ/ഫണ്ട് | 90000, തനത് ഫണ്ട് |
| ചെലവ് | 25000 |
| വൗച്ചർ നം | 21900946, തീ.29.01.20 |

വേളം വില്ലേജ് ഓഫീസറുടെ 1031/18 നമ്പർ, തീ.29.12.2018 സാക്ഷ്യപത്ര പ്രകാരം ഭൂമിയുടെ ന്യായവില ആറിന് 12500 രൂപയാണെന്ന് പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം 3 സെന്റ് (1.21 ആർ) ഭൂമിയുടെ വില 15125 രൂപയാണ്. 22.01.1999 ലെ സ.ഉ.(പി).18/98/എൽ.എ.ഡി നമ്പരായി പുറപ്പെടുവിച്ച വസ്തു ആർജ്ജിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 4(V) പ്രകാരം ന്യായവിലയുടെ 30 ശതമാനം നഷ്ടപരിഹാരമായി അധികം നൽകാവുന്നതാണ്. ആയത് പരിഗണിച്ചാൽ പോലും അനുവദിക്കാവുന്ന പരമാവധി തുക 19663 രൂപയാണ്. എന്നാൽ ഉടമയായ സുബൈറിന് 25000 രൂപ അനുവദിച്ചിട്ടുണ്ട്. 5337 രൂപ അധികം അനുവദിച്ചതിന് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (അന്വേഷണ കുറിപ്പ് നം- 12/19-20. തിയ്യതി.27.07.2020) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

നിലവിലെ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക തുക ചെലവഴിച്ച് ഭൂമി വാങ്ങിയ നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികമായി ചെലവഴിച്ച 5337 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-2 ഫർണ്ണിച്ചർ വാങ്ങിയത് -പ്രൊക്വർമെന്റ് വ്യവസ്ഥകൾ പാലിച്ചില്ല

ഓഡിറ്റ് വർഷത്തിൽ വയോജനങ്ങൾക്ക് കട്ടിൽ എന്ന പേരിൽ രണ്ട് പ്രൊജക്ടുകൾ സെക്രട്ടറി ,അസി.സെക്രട്ടറി എന്നിവർ നിർവ്വഹിച്ചിട്ടുണ്ട്. ഒരേ പേരിലാണെങ്കിലും ആദ്യത്തെ പ്രൊജക്ട് ജനറൽ വിഭാഗത്തിലുള്ളവർക്കും രണ്ടാമത്തേത് പട്ടികജാതി വിഭാഗത്തിലുള്ളവർക്കുള്ള പദ്ധതി സ്പിൽ ഓവറായി വന്നതുമായിരുന്നു. രണ്ട് പ്രൊജക്ട് പ്രകാരമുള്ളതും ഒരേ ഇനമായിരുന്നതിനാൽ പ്രൊക്വർമെന്റ് മാന്വൽ വ്യവസ്ഥകളനുസരിച്ച് ഇവ ഒരുമിച്ച് വാങ്ങേണ്ടതായിരുന്നു. എന്നാൽ രണ്ട് ടെണ്ടർ നടപടികളിലൂടെ രണ്ട് വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും രണ്ട് നിരക്കിലാണ് കട്ടിൽ വാങ്ങിയിരിക്കുന്നത്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | വാങ്ങിയ സ്ഥാപനം | വാങ്ങിയ നിരക്ക് | വാങ്ങിയ എണ്ണം | ആകെ തുക | ബിൽ നം |
|---|---|---|---|---|---|---|---|
| 1 | 140/20 വയോജനങ്ങൾക്ക് കട്ടിൽ | സെക്രട്ടറി | സിഡ്കോ | 4020/- ആഞ്ഞിലി മരം | 82 | 328600/- | 3/10.5.19 |
| 2 | 133/20 വയോജനങ്ങൾക്ക് കട്ടിൽ(സ്പിൽ ഓവർ) | അസി.സെക്രട്ടറി | ഫിഡ്കോ | 3888/- ആഞ്ഞിലി മരം | 13 | 46656/-<br>3888/- | 1/2.5.19<br>2/2.5.19 |
| | | | | | | | |

യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും ഒരേ സാധനം വാങ്ങിയതു മൂലം ആദ്യ പ്രൊജക്ട് പ്രകാരം വാങ്ങിയ ഒരിനത്തിന് 132/-രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.ഉയർന്ന നിരക്കിൽ 82എണ്ണം വാങ്ങിയതിനാൽ ആകെ 10824/-രൂ സ്ഥാപനത്തിന് അധികമായി ചെലവഴിക്കേണ്ടതായി വന്നു. രേഖകൾ പരിശോധിച്ചതിൽ ആദ്യത്തെ പ്രൊജക്ടിനായി ടെണ്ടർ നടപടികൾ 2018നവംബർ മാസത്തിനുമുമ്പേ തന്നെ സ്വീകരിക്കുകയും 19.11.18ന് ഭരണസമിതി ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് കണ്ടു. എന്നാൽ രണ്ടാമത്തെ പ്രൊജക്ടിനായി ടെണ്ടർ ക്ഷണിച്ചിരിക്കുന്നത് 2019 ഫിബ്രവരി മാസത്തിലാണ്.ഇപ്രകാരം രണ്ട് ടെണ്ടർ ക്ഷണിച്ച് കട്ടിൽ വാങ്ങിയത് വാങ്ങൽ നടപടിക്രമം, പി 259/ 2010/ LSGD തീയതി 8.11.2010 നമ്പർ പ്രകാരമുള്ള പ്രാദേശിക സർക്കാറുകൾക്കായി പുറപ്പെടുവിച്ച പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. വാങ്ങൽ പ്രക്രിയയിലെ സുതാര്യത,സാധനങ്ങളുടേയും സേവനങ്ങളുടേയും ഗുണനിലവാരം,ഒരുമിച്ച് വാങ്ങുമ്പോഴുള്ള സാമ്പത്തികമെച്ചം തുടങ്ങി വാങ്ങൽ നടപടിക്രമങ്ങളിൽ ഒരു ഹോളിസ്റ്റിക് സമീപനം ഉറപ്പു വരുത്തുന്ന രീതിശാസ്ത്രമാണ് മാന്വലിൽ പ്രതിപാദിക്കുന്നത് . ഇതിന്റെ സംക്ഷിപ്തം താഴെ പറയും പ്രകാരമാണ്.

1). എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും അവരുടെ പ്രൊജക്ട് നിർവ്വഹണത്തിനും ഓഫീസ് ഉപയോഗത്തിനും ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ പ്രൊക്വർമെന്റ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.(സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുമുമ്പ് തന്നെ നിയമം അനുശാസിക്കുംവിധം വാർഷിക പദ്ധതിക്ക് DPC അംഗീകാരം വാങ്ങിയാൽ മാത്രമാണ് ഇത് സാധ്യമാകുക.അല്ലാത്ത പക്ഷം DPC അംഗീകാരം ലഭ്യമായ ഉടനെ ആവശ്യം അറിയിക്കേണ്ടതാണ്)

2). പ്രൊക്വർമെന്റ് കമ്മിറ്റി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ഓഫീസിന്റേയും ആവശ്യങ്ങൾ പരിശോധിച്ച് പൊതുവായ സാധനങ്ങൾ ഗ്രൂപ്പ് ചെയ്ത്, എണ്ണം കണക്കാക്കി,വാങ്ങുന്ന രീതി(നേരിട്ട്,ടെണ്ടർ,മറ്റ് വിധത്തിൽ)തീരുമാനിക്കേണ്ടതാണ്. തീരുമാനം, അംഗീകരിച്ച പ്രൊജക്ടിലെ വാങ്ങൽ രീതിയുമായി പൊരുത്തപ്പെടേണ്ടതോ അല്ലാത്ത പക്ഷം മാന്വലിലെ രീതിശാസ്ത്രം അവലംബിക്കുന്നത് സാധ്യമാകും വിധം പ്രൊജക്ടിൽ ഭേദഗതി വരുത്തുകയോ ചെയ്യേണ്ടതാണ്)

3). പ്രൊക്വർമെന്റ് കമ്മിറ്റി നിർദ്ദേശിക്കുന്ന രീതിയിൽ(നേരിട്ട്,ടെണ്ടർ,മറ്റ് വിധത്തിൽ) സാധനങ്ങൾ വാങ്ങുന്നതിന്, പ്രൊക്വർമെന്റ് ടീം സ്ഥാപനങ്ങളെ തെരെഞ്ഞെടുക്കുന്ന നടപടി സ്വീകരിക്കേണ്ടതാണ്.ടെണ്ടർ ചെയ്ത് സ്ഥാപനത്തെ തെരഞ്ഞെടുക്കുക,നേരിട്ടുള്ള വാങ്ങലിന്റെ സംഗതിയിൽ സ്ഥാപനവുമായി ബന്ധപ്പെടുക തുടങ്ങിയ നടപടികൾ ഈ ടീം നടത്തുന്നു.

4). പ്രൊക്വർമെന്റ് ടീം തെരഞ്ഞെടുത്ത് നല്കുന്ന സ്ഥാപനത്തിൽ നിന്നും കരാർ വച്ച് , ഓർഡർ നല്കി,സാധനങ്ങൾ സ്വീകരിച്ച് ,പേമെന്റ് നടത്തി ,പ്രൊജക്ട് നിർവ്വഹണം പൂർത്തീകരിക്കുക എന്ന ജോലി നിർവ്വഹണോദ്യോഗസ്ഥൻ നിർവ്വഹിക്കേണ്ടതാണ്

5). നേരിട്ട്,ടെണ്ടർ,മറ്റ് വിധത്തിൽ വാങ്ങുന്ന സംഗതികളിലൊക്കെ മാന്വലിൽ നിർദ്ദേശിച്ച പ്രകാരം രൂപീകരിക്കുന്ന സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങളുടെ സാന്നിധ്യം ഉണ്ടാകേണ്ടതും ,വാങ്ങൽ പ്രക്രിയ മുഴുവൻ ടീമിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

മേല്പറഞ്ഞ നടപടിക്രമങ്ങളിൽ ഒന്നും പോലും വാങ്ങൽ പ്രക്രിയയിൽ സ്ഥാപനം പാലിച്ചിട്ടില്ല. ഇതിൽ ക്രമ നമ്പർ 2 ,3 എന്നിവ പ്രകാരമുള്ളത് പാലിക്കാത്തതാണ് അധികചെലവിലേക്ക് പ്രധാനമായും നയിച്ചതെന്ന് കാണാം.

പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെ സ്ഥാപനത്തിന് 10824/-രൂപയുടെ അധികചെലവ് വരുത്തിയതിന് വിശദീകരണം നല്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല.കൃത്യമായ വിശദീകരണം നല്കാത്തതിനാൽ അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. 10824/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.കൂടാതെ തുടർവർഷങ്ങളിലെ വാങ്ങലുകളുടെ രീതിശാസ്ത്രം പ്രൊക്വർമെന്റ് മാന്വലിലെ വ്യവസ്ഥകൾക്ക് അനുസൃതമാകാൻ പ്രത്യേകശ്രദ്ധ നല്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പ്രൊക്വർമെന്റ് കമ്മിറ്റി എന്നീ സംവിധാനങ്ങളുടെ മോണിറ്ററിംഗും ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്. വാങ്ങലുകളിൽ സ്വീകരിക്കുന്ന നടപടികൾ വിശദീകരിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 13.07.2020-16.07.2020 | |

## 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| സെക്രട്ടറി , ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 125738 | 74262 |
| | 2019-20 | 851000 | ലൈഫ് ഭവനപദ്ധതി-പട്ടികജാതി | 820000 | 31000 |
| | 2019-20 | 1440000 | ലൈഫ് ഭവനപദ്ധതി-ജനറൽ | 1440000 | 0 |
| | 2019-20 | 2028046 | ലൈഫ് ഭവനപദ്ധതി-പട്ടികജാതിക്കാർക്ക് | 400000 | 1628046 |
| | 2019-20 | 100000 | പാലിയേറ്റീവ് പരിചരണം | 69060 | 30940 |
| | 2019-20 | 600000 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 600000 | 0 |
| | 2019-20 | 200000 | പാലുല്പാദനത്തിന് പ്രോത്സാഹനം | 200000 | 0 |
| സെക്രട്ടറി. ജില്ലാ പഞ്ചായത്ത് | 2019-2020 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 2019-20 | 800000 | ലൈഫ് ഭവനപദ്ധതി-ജനറൽ | 736000 | 64000 |
| | 2019-20 | 100000 | പാലുല്പാദനത്തിന് പ്രോത്സാഹനം | 50000 | 50000 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | 2019-20 | 720000 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 720000 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | തിയ്യർകുന്ന് കോളനി പൈപ്പ് ലൈൻ നീട്ടൽ | | 150000 | 150000 | 0 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | | 538906 | 538906 | 0 |
| കെ.എസ്.ഇ.ബി | സൂപ്പർവിഷൻ ചാർജ് | | 8284 | 8284 | 0 |
| കെ.എസ്.ഇ.ബി | കൈതക്കൽ മുതുകുന്ന് റോഡ് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | 30425 | 30452 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,27,72,478/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി വായ്പ | ജി.ഒ(എം.എസ്) 2278/ തസ്വഭവ തിയ്യതി-18.08.2018 | 12772478 | 20467522 | 2411764 | -- | 30828236 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2432292 |
| തൻവർഷം നിക്ഷേപിച്ച തുക | 149634 |
| ആകെ | 2581926 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2581926 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കെ.ഡി.സി ബേങ്ക്-കുറ്റ്യാടി | | 1 | 2057504 | |
| 2 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബേങ്ക് തീക്കുനി | | 1 | 524422 | |
| ആകെ | | | | 2581926 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 31 | 2003-04 | 11.13.7.2 | നികുതി പിരിവിൽ അലംഭാവം | പരാമർശം തുടരുന്നു |
| 1999-2000 | - | 2003-04 | 11.14 | തൊഴിൽനികുതി കാലഹരണം | പരാമർശം തുടരുന്നു |
| 2000-01 | 2-1 | 2004-05 | 11.1.1.1 | ക്യാഷ്ബുക്ക്, വരവ്/ ചെലവ് രജിസ്റ്റർ സൂക്ഷിച്ചില്ല | പരാമർശം തുടരുന്നു |
| 2000-01 | - | 2004-05 | 11.1.3.5 | നികുതി പിരിവിൽ അലംഭാവം | പരാമർശം തുടരുന്നു |
| 2000-01&2001-02 | 8,7 | 2004-05 | 2.3 | തൊഴിൽ സംരംഭങ്ങൾ അടച്ചുപൂട്ടി | പരാമർശം തുടരുന്നു |
| 2001-02 | 10 | 2004-05 | 11.1.5.3 | വനിതകൾക്ക് ഓട്ടോ ഡ്രൈവിംഗ് | പരാമർശം തുടരുന്നു |
| - | - | 2015-16 | 4.1.5 | നികുതി/നികുതിയേതരം പൊരുത്തപ്പെടാത്ത് കണക്കുകൾ | പരാമർശം തുടരുന്നു |
| 2015-16 | 2-1 | 2016-17 | അനുബന്ധം 5 | തൊഴിൽനികുതി അപാകതകൾ | പരാമർശം തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

<u>(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 119303593 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 89406232 |
| ആകെ | 108709825 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 91869175 |
| നീക്കിയിരിപ്പ് | 16840650 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16161 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 363841 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5337/- | ശ്രീ.സജീവൻ ഇ.എ സെക്രട്ടറി |
| 3-2 | | 10824/- | ശ്രീ. മുഹമ്മദ് ഷഫീഖ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 213095/- | ശ്രീ.സജീവൻ ഇ.എ,സെക്രട്ടറി &<br>ശ്രീ. മുഹമ്മദ് ഷഫീഖ് ,സെക്രട്ടറി |
| 1-26 | 75000/- | ശ്രീ. റഫീഖ് എൻ.കെ,വി.ഇ.ഒ |
| 1-30 | 21000/ | ശ്രീ. മുഹമ്മദ് ഷഫീഖ് ,സെക്രട്ടറി |
| 1-35 | 54746/- | ഡോ.നിതിൻ വൈശാഖ്,മെഡിക്കൽ ഓഫീസർ-പി.എച്ച്.സി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 17822/- | ശ്രീ. മുഹമ്മദ് ഷഫീഖ് സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.റഫീഖ് എൻ.കെ | വി.ഇ.ഒ,വേളം | നന്മനക്കണ്ടി |

| | | |
|---|---|---|
| വി.ഇ.ഒ | ഗ്രാമ പഞ്ചായത്ത് | പേരാമ്പ്ര പി.ഒ |
| ഡോ.നിതിൻവൈശാഖ് മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി.വേളം ഗ്രാമ പഞ്ചായത്ത് | സാഗർ.1088 എ.വട്ടോളി,കുരുവശ്ശേരി,കോഴിക്കോട് |
| ശ്രീ. മുഹമ്മദ് ഷഫീഖ് സെക്രട്ടറി | നിർബന്ധിത അവധിയിൽ പ്രവേശിച്ചു | ഹിബ,ചേറ്റം കുന്ന്,തലശ്ശേരി |
| ശ്രീ.സജീവൻ ഇ.എ സെക്രട്ടറി | സെക്രട്ടറി വേളം ഗ്രാമപഞ്ചായത്ത് | ഇരട്ടപ്പറക്കൽ കുരാച്ചുണ്ട് പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1990-91& 1991-92 | എൽ.എഫ് / കെകെഡപി6/835/2013/19.06.2013 | 1 | 15 |
| 1994-95& 1995-96 | എൽ.എഫ് /കെകെഡി/ പി6/280/2010/19.08.2010 | 2 | 11,20 |
| 2003-04 | എൽ.എഫ് /കെകെഡി/ പി6/357/2009/01.04.2009 | 1 | 3-18 |
| 2004-05 | എൽ.എഫ് /കെകെഡി/ പി6/835/2013(2)/19.06.2013 | 9 | 2-1,2-4,2-5,3-3,3-4,3-5,3-6,3-9, 3-11 |
| 2005-06 | കെ.എസ്.എ /കെകെഡി/ പി6/2240/2017/21.05.2018 | 0 | റിപ്പോർട്ട്തീർപ്പാക്കി |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി/ പി6/2240/2017/21.05.2018 | 4 | 2-5(2),3-11,3-15,3-16 |
| 2007-08 | കെ.എസ്.എ /കെകെഡി/ പി6/2240/2017/21.05.2018 | 9 | 3-1 മുതൽ3-8 വരെ,3-15 |
| 2008-09 | എൽ.എഫ് /കെകെഡി/ പി6/1791/2012/15.04.2013 | 8 | 3-2,3-3,3-4,3-5,3-7,4-3 , 4-6,4-7 |
| 2009-10 | കെ.എസ്.എ /കെകെഡി/ പി6/2240/2017/21.05.2018 | 2 | 3-2,3-3 |
| 2010-11& 2011-12 | കെ.എസ്.എ /കെകെഡി/ പി6/271/2018/25.04.2018 | 17 | 2-1,2-2(1-3),2-6,3-1,3-3, 3-4(1,4)3-9,3-11,3-12, 3-12(4,5),3-13,3-15, 3-16,3-17, 3-20,3-21,3-22 |
| 2012-13& 2013-14 | കെ.എസ്.എ/കെ.കെ.ഡി/ പി6/560/16/07.04.2016 | 5 | 2-1,2-2,3-1,3-7,3-11 |
| 2014-15 | കെ.എസ്.എ /കെകെഡി/ പി6/27/2018/24.01.2018 | 6 | 2-1,3-1,3-7,3-8,3-9,4-9 |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി/ പി6/2037/2016 | 12 | 2-1(1-3),2-3,2-4,2-5, 3-1, 3-2,3-3,3-4,3-5(1-2),3- |

| | | | |
|---|---|---|---|
| | | | 6,<br>3-7,3-9 |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/<br>പി6/26/2018/20.02.2018 | 21 | 2-1(2),2-1(8),<br>2-2,2-3,2-4,2-5,<br>3-2,3-3,3-4,3-5,<br>3-7,3-11,3-12,3-14,<br>3-15,3-16,3-17,3-19,<br>3-20,3-21,3-22,4-9 |
| 2017-18 | കെ.എസ്.എ /കെകെഡി/<br>പി6/455/2019/10.05.2019 | 24 | 1-12(1,2,3,4,6,7),2-1,2-2,<br>2-3,2-4,2-5,3-1 മുതൽ<br>3-6 വരെ,3-7,3-8,3-<br>9(3),3-9(5),<br>3-96),3-9(7),3-9(8) |
| 2018-19 | കെ.എസ്.എ /കെകെഡി/<br>പി7/829/2020/14.09.2020 | 36 | 1-1 മുതൽ 1-36 വരെ |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.പി.7/828/2020 തീയതി:02.03.2021

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വേളം ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2019-20 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.